المرشد

# അൽ-മുർശി

# AL-MURSHID

1967 ജൂലയ്

# വരിസംഖ്യ

## അൽ-മുർശിദ് മാസിക

ഇന്ത്യ, സിലോൺ, പാകിസ്ഥാൻ

| | |
|---|---|
| ഒരു കൊല്ലത്തേക്ക് | 3—50 |
| 6 മാസത്തേക്ക് | 2—00 |

ഇന്ത്യക്കുപുറമെ

| | |
|---|---|
| ഒരു കൊല്ലത്തേക്ക് (സീമെയിൽ) | 5—00 |
| ,, (എയർമെയിൽ) | 11—00 |

## പരസ്യ നിരക്ക്

(ഒരു പ്രാവശ്യം)

| | |
|---|---|
| കവർ അവസാനഭാഗം | 150—00 |
| ,, 2, 3 ഭാഗങ്ങൾ | 100—00 |
| ഉൾഭാഗം മുഴുവൻ പേജ് | 50—00 |
| ,, പകുതി പേജ് | 30—00 |
| ,, കാൽപേജ് | 15—00 |

[ദീർഘകാലത്തേക്ക് പ്രത്യേക നിരക്ക്.]

---

## വരിക്കാരുടെ ശ്രദ്ധക്ക്

ഇതുവരെ വരിസംഖ്യ അടക്കാത്തവരും വരിസംഖ്യയുടെ കാലാവധി തീർന്നവരും കഴിയുംവേഗം സംഖ്യ അയച്ചുതന്ന് മാസികയുടെ നടത്തിപ്പിൽ ഞങ്ങളെ സഹായിക്കാൻ അപേക്ഷ.

എഴുത്തുകുത്തുകളിൽ L.No. കാണിക്കുന്നതു നന്നായിരിക്കും.

മാനേജർ,

അൽ-മുർശിദ് മാസിക,

തിരൂരങ്ങാടി, കേരള.

---

# അൽ-മുർശിദ്

(മാസിക)

ചീഫ് എഡിററർ:

E. K. മൗലവി

പബ്ളിഷർ:

മുഹ്സിൻ ബിൻ അഹ്മദ്
B. A., L. T.

---


ലക്കം 4. 1967 ജൂലായ്

പുസ്തകം 2 വില: 35 പൈസ.

# വിഷയവിവരം.


| | | |
|---|---|---|
| | | പേജ് |
| 1. | ആത്മരക്ഷാ സന്നാഹം — പത്രാധിപക്കുറിപ്പ് | 3 |
| 2. | കേരളത്തിലെ ഇസ്ലാഹീ പ്രസ്ഥാനം—ഇ. കെ. മൗലവി | 5 |
| 3. | ഖാദിയാനിയും ഖാദിയാനിസവും | 8 |
| 4. | ഇസ്ലാം ഒരു ചിരന്തന ജീവൽപ്രസ്ഥാനം—ഒ. പി. ഹംസ | 14 |
| 5. | തലയിലെഴുത്ത്—കെ. ഉമർ മൌലവി | 20 |
| 6. | നബിചര്യയിലൂടെ — സി. എ. മുഹമ്മദ്മൗലവി | 23 |
| 7. | വളർന്നുവരുന്ന തലമുറയുടെ മതബോധം — പി. മുഹമ്മദ് കുട്ടശ്ശേരി | 27 |
| 8. | ബൈത്തുൽമുഖദ്ദസ് യഹൂദക്ക്— കെ. കെ. | 35 |




# ആത്മരക്ഷാ സന്നാഹം

ആത്മസംരക്ഷണ വാസന നൈസർഗ്ഗികമാണ്. സ്വാഭാവികമായും അതിന്നു ചില നടപടികൾ കൈക്കൊള്ളേണ്ടിവരും. ശത്രുവിന്റെ ആക്രമണത്തിൽനിന്നും നശീകരണോദ്യമത്തിൽനിന്നും രക്ഷനേടാൻ മനുഷ്യൻ നടത്തുന്ന ഇത്തരം ശ്രമങ്ങളെ സാധൂകരിക്കാത്ത ഒരു സാമൂഹ്യ വ്യവസ്ഥിതിയും നീതിപീഠവും ഭൂമുഖത്തുള്ളതായി കേട്ടിട്ടില്ല.

മുസ്ലിംകളെസ്സംബന്ധിച്ചേടത്തോളം മതത്തിന്റെ വ്യക്തമായ ഒരു നിർദ്ദേശംകൂടിയാണ് ആത്മരക്ഷാസന്നാഹം. കയ്യുംകെട്ടിയിരുന്നു ശത്രുക്കളുടെ ആക്രമണങ്ങളൊക്കെ അനുഭവിച്ചുകൊള്ളണമെന്ന് ഇസ്ലാം ഉപദേശിക്കുന്നില്ല. മറിച്ച്, ശത്രുക്കളെ ധൈര്യപൂർവ്വം നേരിടണമെന്നും അതിന്നുള്ള കരുത്താർജ്ജിക്കണമെന്നും അത് സഗൗരവം ഉണർത്തുന്നു. ഖുർആൻ 8: 60ൽ അല്ലാഹു പറയുന്നതു കാണുക: "അവക്കുവേണ്ടി നിങ്ങളാലാവുന്ന ശക്തിമുഴുവൻ സംഭരിക്കണം. പടക്കുതിരകളെയും സജ്ജീകരിക്കണം. അല്ലാഹുവിന്റെയും നിങ്ങളുടെയും ശത്രുക്കളെയും നിങ്ങൾക്ക് അറിഞ്ഞുകൂടാത്തതും അല്ലാഹുവിന്ന് അറിയാവുന്നതുമായ, അവക്കുപുറമെയുള്ള മറ്റു് ശത്രുക്കളെയും പേടിപ്പെടുത്താൻ (വേണ്ടിയത്രെ ഈ സന്നാഹം.) അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ എന്തു ചിലവുചെയ്യുന്നുവോ അതിന്നുള്ള പൂർണ്ണമായ പ്രതിഫലം നിങ്ങൾക്കു ലഭിക്കും. നിങ്ങൾക്ക് നീതി നിഷേധിക്കപ്പെടുകയില്ല."

ശത്രുക്കൾക്കെതിരിൽ സദാ ജാഗരൂകരായിരിക്കണം; അവരെ നേരിടാൻ മുഴുശക്തിയും ഒരുക്കൂട്ടണം; ഈ വഴിക്കുള്ള സേവനത്തിന്ന് അർഹിക്കുന്ന പ്രതിഫലം അല്ലാഹു നല്കും; എന്നെല്ലാമാണ് ഈ വാക്യം പഠിപ്പിക്കുന്നത്. ശത്രു ആക്രമണത്തിന്നു അണിഞ്ഞൊരുങ്ങുമ്പോൾ ഇപ്പുറം അതിനേക്കാൾ വലിയ കോപ്പുകൂട്ടൽ ആവശ്യമാണ്. ശത്രുക്കളിൽ ഭയാശങ്കകൾ സൃഷ്ടിക്കാനും അതുവഴി അവരുടെ ആക്രമണവാസന ദൂരീകരിക്കാനും അതു കൂടിയേതീരൂ. ഇവിടെ കൃത്യവിലോപം കാണിച്ചാൽ ശത്രുക്കളുടെ ധൈര്യത്തിന്നും നിശ്ചയത്തിന്നും ഊക്കുകൂട്ടും. അവർ ആക്രമണം നടത്തി നിഷ്പ്രയാസം ഉരത്തിക്കളയും. കഴിഞ്ഞ പശ്ചിമേഷ്യൻ യുദ്ധത്തിൽ സംഭവിച്ചത് അതാണ്. ശത്രുക്കൾക്കെതിരിൽ മുഴുശക്തിയും സംഭരിക്കണമെന്ന ഖുർആന്റെ നിർദ്ദേ

ശം അറബികൾ പ്രാവർത്തികമാക്കിയില്ല. ഈ കൃത്യവിലോപംകാരണം അവർ പരാജയത്തിന്റെ ചെളിക്കണ്ടിലേക്ക വലിച്ചെറിയപ്പെട്ടു.

ഇസ്ലാമിന്റെയും മുസ്ലിംകളുടെയും പ്രത്യക്ഷ ശത്രുക്കൾ നമ്മുടെ ചുററുപാടിലുമുണ്ട്. സായുധവിപ്ലവമാണ് അവരുടെ ലക്ഷ്യം. അതിന്ന പരസ്യമായിത്തന്നെ അവർ ആയോധനപാടവം നേടുന്നു; മുസ്ലിംകളെ പേടിപ്പിക്കാൻ ആയുധങ്ങളേന്തി പ്രകടനം നടത്തുന്നു. ആയുധപരിശീലനത്തോടെയാണ് ഈ വർഗ്ഗീയകോമരങ്ങളുടെ പ്രവർത്തനം എവിടെയും ആരംഭിക്കുന്നത്. തക്കംകിട്ടുമ്പോൾ മുസ്ലിംകളെ അവർ കൂട്ടായി ആക്രമിക്കാറുമുണ്ട്. താനൂരിലും, കോട്ടക്കലും ഇപ്പോൾ കൊളത്തൂരും അവർ നടത്തിയ മുസ്ലിം വേട്ടകൾ നമ്മുടെ ഹൃദയത്തിൽ മായാത്ത മുറിവുകളേല്പിച്ചിട്ടുണ്ട്. നിരപരാധരും സമാധാനപ്രിയരുമായ മുസ്ലിംകളെ കൊന്നൊടുക്കാൻ അവക്ക അശേഷം മടിയില്ല. വ്യക്തികളോടല്ല. മുസ്ലിം സമൂഹത്തോടും ഇസ്ലാമിനോടുമാണ് അവക്ക് വൈരാഗ്യം. വളന്നുവരുന്ന ഈ വിപത്തിനെ അവഗണിച്ചാൽ പിന്നീട് ഖേദിക്കേണ്ടിവരും. അവർ ആയോധനപാടവം നേടുക; അതു നമ്മുടെനേരെ പയററുക; നാമതു് രണ്ടുകയ്യുംനീട്ടി സ്വീകരിക്കുക— ഈ നില തുടന്നുകൂടാ. ആത്മസംരക്ഷണവാസന സഹജമാണ് ആക്കം.

സാമൂഹ്യ വിദ്രോഹശക്തികൾ ആയുധ പരിശീലനം നേടുന്നതും മുസ്ലിംകളിൽ ഭീതിയുളവാക്കമാറു് പ്രകോപനപ്രകടനം നടത്തുന്നതും സ്റ്റെയിററു് ഗവമ്മെണ്ടിന്റെയും കേന്ദ്രഗവമ്മെണ്ടിന്റെയും അറിവോടും സമ്മതത്തോടുംകൂടിയാണ്. ഇതു് ഉടനെ തടഞ്ഞേ തീരൂ. വിദ്രോഹശക്തികളെ നിലക്കുനിത്തിയില്ലെങ്കിൽ മുസ്ലിംകളും ആയുധപരിശീലനം നേടാൻ നിർബ്ബന്ധരാകും. ഒരുകൂട്ടക്കേ ഇതു പററു എന്നില്ലല്ലോ. സമാധാനത്തിലും സാമുദായികരഞ്ജിപ്പിലും വിശ്വസിക്കുന്നവരാണ് മുസ്ലിംകൾ. അതിന്നുവേണ്ടി ജീവൻ ത്യജിക്കാൻപോലും അവർ തയ്യാറാണ്. പക്ഷെ ഈ മനോഭാവം എല്ലാവക്കമുണ്ടാവണം. തങ്ങളെ നശിപ്പിക്കാൻ ശത്രുക്കൾ നിരന്തരം ശ്രമിക്കുമ്പോൾ മുസ്ലിംകൾ മാത്രം സമാധാനത്തിന്റെയും സൗഹാർദ്ദത്തിന്റെയും മന്ത്രം ഉരുവിട്ടു എല്ലാം അനുഭവിച്ചുകൊള്ളണമെന്നു് പറയുന്നത് കഷ്ടമാണ്. 'വെട്ടാൻ വരുന്ന പോത്തിനോടു് വേദമോതുന്ന' വിഡ്ഢികളുടെ തത്വശാസ്ത്രത്തിലല്ല അവർ വിശ്വസിക്കുന്നത്. വാസ്തവത്തിൽ മുസ്ലിംകളുടെ ക്ഷമയും സമാധാനവാഞ്ഛയുമാണ് വർഗ്ഗീയഭ്രാന്തന്മാരിൽ ധൈര്യവും ആക്രമണവാസനയും വളത്തിയത്. മുസ്ലിംകൾ തിങ്ങിത്താമസിക്കുന്ന പ്രദേശങ്ങളിൽ ഇതിനകം അവർ നടത്തിയ ആക്രമണങ്ങൾ അതിന്നു തെളിവാണ്. പക്ഷെ ക്ഷമക്കും ഒരതിരുണ്ട്. സമാധാനത്തിന്റെയും സാമുദായിക സൗഹാർദ്ദത്തിന്റെയും പാത വൺവേട്രാഫിക്കല്ല. തക്കസമയത്തു് വേണ്ടതു പ്രവർത്തിച്ചില്ലെങ്കിൽ ഭവിഷ്യത്തു് താങ്ങാനാവില്ലെന്നു് ഉത്തരവാദപ്പെട്ടവർ ഓക്കണം.

## കേരളത്തിലെ ഇസ്ലാഹീ പ്രസ്ഥാനം. 11

# കല്ലേറ്!

ഇ. കെ. മൗലവി

പൊന്നാനിയിലും പരിസരങ്ങളിലുമുള്ള ചില മാന്യന്മാരുടെ ആവശ്യാനുസരണം ഐക്യസംഘത്തിന്റെ 6-ാം വാഷികസമ്മേളനം തിരൂരിൽവെച്ചു് നടത്താനാണ് തീരുമാനിച്ചത്. അതിന്നുള്ള പ്രവർത്തനം കാലേകൂട്ടി ആരംഭിക്കുകയുംചെയ്തു. അദ്ധ്യക്ഷനായി മദിരാശിയിൽ നിന്നു് ഡോ: അബ്ദുൽഹഖിനെ ക്ഷണിക്കുകയും അദ്ദേഹം ക്ഷണം സ്വീകരിക്കുകയുമുണ്ടായി. പരേതനായ ഖാൻ ബഹദൂർ ആററക്കോയതങ്ങളെ പ്രസിഡണ്ടാക്കിക്കൊണ്ടു ഒരു സ്വാഗതസംഘവും രൂപവൽക്കരിച്ചു. തുടക്കത്തിൽ വലിയ എതിർപ്പൊന്നും കണ്ടില്ല. സമ്മേളനംനടത്തിപ്പിന്നായി തിരൂർ ചന്തപ്പറമ്പിന്നടുത്തുള്ള വയലിലുണ്ടായിരുന്ന കെട്ടിടം അനുവദിച്ചുകിട്ടി. കയനിക്കക്കാരുടെ വക അങ്ങാടിയിലുള്ള പീടികമുകളിൽ ഓഫീസ് തുറന്നു പ്രവർത്തനമരംഭിക്കുകയും ചെയ്തു. പരേതനായ P. M. സിക്കന്തർഹാജിസാഹിബും ഞാനുമായിരുന്നു അവിടെ പ്രവൃത്തിച്ചുകൊണ്ടിരുന്നത്. ആദ്യം അലട്ടൊന്നുമുണ്ടായില്ലെങ്കിലും സമ്മേളനം അടുത്തതോടെ എതിർ പ്രചാരവേലക്കാർ പൊന്നാനിയിൽനിന്നുംമറ്റും വന്നുചേന്നു പ്രവൃത്തിച്ചുതുടങ്ങി. അവക്ക കുറേയാളുകളെ തിരൂരിൽനിന്നു സഹായത്തിന്നുകിട്ടി. കൊടുങ്ങല്ലൂരിൽനിന്നു ചില കുസൃതികൾ വന്നു ഐക്യസംഘത്തിന്നെതിരായി കവലപ്രസംഗങ്ങൾ നടത്തുകപോലുമുണ്ടായി. ഇവരുടെ സംഘടിത പ്രവർത്തനം ഞങ്ങളെ കുറച്ചൊന്നുമല്ല ശല്യപ്പെടുത്തിയത്. പുറത്തിറങ്ങി സൈ്വരമായി സഞ്ചരിക്കാൻകൂടി വയ്യെന്ന നിലവന്നു. എവിടെനിന്നെന്നില്ലാതെ ചെറുകല്ലുകൾ ഞങ്ങളുടെ ദേഹം വന്നുവീഴാറു പതിവാണ്. പോലീസിൽ പരാതിപ്പെട്ടുനോക്കി. ഫലമുണ്ടായില്ല. കയനിക്കക്കാർ മാത്രമെ ഞങ്ങളെ സഹായിക്കാനുണ്ടായിരുന്നുള്ളു. യോഗത്തിന്റെ തലേന്നു മദിരാശിയിൽനിന്നു അദ്ധ്യക്ഷൻ മെയിലിന്നു വന്നിറങ്ങി. അദ്ദേഹത്തെ ടി. ബി.യിൽഎത്തിക്കാൻ ഒരു വാഹനവും ഞങ്ങൾക്ക

കിട്ടിയില്ല. സ്ഥിതിഗതികളും ഞങ്ങളുടെ നിസ്സഹായാവസ്ഥയും ഞങ്ങൾ അദ്ധ്യക്ഷനെ ധരിപ്പിച്ചു. അദ്ദേഹത്തിന്റെ പ്രതികരണം ഇതായിരുന്നു. "ആവട്ടെ; നല്ലകാര്യത്തിനിറങ്ങിയാൽ ഇങ്ങിനെയൊക്കെ സംഭവിക്കും. അതിൽ നിരാശപ്പെടാൻ പാടില്ല........... നമുക്കു നടക്കാം ."

കാൽനടയായി അദ്ധ്യക്ഷനും ഞങ്ങളും ടി. ബിയിൽ എത്തി. രാത്രി വണ്ടിക്കു മണപ്പാട്ട് പി. കുഞ്ഞഹമ്മദാജിയും സീതിസാഹിബും വരുന്നുണ്ടെന്നു വിവരം കിട്ടിയതിനെത്തുടർന്നു ഞങ്ങൾ പോയി പ്ലാറ്റ്ഫോമിൽ കാത്തുനിന്നു. കോഴിക്കോട്ടേക്കു രണ്ടു ടിക്കറ്റും ഞങ്ങൾ മേടിച്ചു കയ്യിൽവെച്ചു. കുഞ്ഞഹമ്മദ്ഹാജിയും സീതിസാഹിബും എത്തിയപ്പോൾ ഞങ്ങൾ സ്ഥിതിഗതികൾ അവർക്കു വിവരിച്ചുകൊടുത്തു. നേരെ കോഴിക്കോട്ടുപോയി പോലീസ് സൂപ്രണ്ടിനെ കാര്യം ധരിപ്പിച്ചു പരിഹാരമുണ്ടാക്കാൻ അവരോടു ആവശ്യപ്പെടുകയുംചെയ്തു. അവർ നേരെ കോഴിക്കോട്ടേക്കുതന്നെ വണ്ടികേറി. സൂപ്രണ്ട് അവിടെയില്ല. മഞ്ചേരിക്കു പോയതാണ്. ഉടനെ അവർ ഒരു ടാക്സിയിൽ മഞ്ചേരിക്കു പുറപ്പെട്ടു. 4 മണിക്കാണ് സൂപ്രണ്ടിനെ കാണാൻ സാധിച്ചത്. അദ്ദേഹം മണപ്പാട്ട് കുഞ്ഞഹമ്മദ്ഹാജിയുടെ ഒരു സുഹൃത്തായിരുന്നു. തിരൂരിലെ സബ്ബ്ഇൻസ്പെക്ടർ സൂപ്രണ്ടിന്റെ മരുമകനുമാണ്. അപ്പോൾതന്നെ അദ്ദേഹം സബ്ബ്ഇൻസ്പെക്ടർക്ക് ചുട്ടുള്ള ഒരു കത്ത് കൊടുക്കുകയും സമ്മേളനത്തിന്ന് വന്നുചേരാമെന്നു ഉറപ്പുനൽകുകയുംചെയ്തു. കത്തുമായി കാറിൽതന്നെ അവർ തിരൂരിലെത്തി. സിക്കന്തർ ഹാജി സാഹിബ് ആ കത്ത് ഇൻസ്പെക്ടർക്കു കൊണ്ടുപോയി കൊടുത്തു. അതുകണ്ടപ്പോൾ അയാൾ വിറച്ചുതുടങ്ങി. 'എന്തിനാണ് നിങ്ങൾ അമ്മാവനെ സമീപിച്ചത്? ഞാൻതന്നെ കാര്യങ്ങളെല്ലാം ശരിപ്പെടുത്തുമായിരുന്നല്ലോ' എന്നു ഇൻസ്പെക്ടർ പറഞ്ഞു. " നിങ്ങളുടെ ശരിയാക്കലെല്ലാം ഞങ്ങൾ കണ്ടു" എന്നുമാത്രം മറുപടിനല്കി സിക്കന്തർഹാജി തിരിച്ചുപോന്നു.

അധികം കഴിഞ്ഞില്ല, പോലീസുകാർ റോന്തുചുററുന്നതും കവലകളിലെല്ലാം കാവൽ നില്ക്കുന്നതും കാണായി. അതുവരെ കേട്ടുകൊണ്ടിരുന്ന അപശബ്ദങ്ങളൊന്നും പിന്നെ കേൾക്കുകയുണ്ടായില്ല. അങ്ങാടിയുംപരിസരവുംശാന്തമായി. 10 മണിക്കുമുമ്പുതന്നെ, തിരുവനന്തപുരംമുതൽ കൊടുങ്ങല്ലൂർവരെയുള്ള ഐക്യസംഘം പ്രവർത്തകന്മാർ സ്ഥലത്തെത്തിച്ചേർന്നു. വക്കം അബ്ദുൽഖാദിർമൗലവിയും മറ്റും കൂട്ടത്തിലുണ്ടായിരുന്നു. വടക്കുനിന്നുള്ള വണ്ടികൂടി എത്തിയതോടെ തിരൂരിന്റെ മുഖച്ഛായതന്നെ ഒന്നുമാറി. കൃത്യം 10മണിക്കു സമ്മേളനം ആരംഭിച്ചു. പറവണ്ണ, താനൂർ, എടവണ്ണ, മഞ്ചേരി തുടങ്ങിയ കിഴക്കൻ പ്രദേശങ്ങളിൽനിന്നു വമ്പിച്ച ഒരു ജനക്കൂട്ടം സമ്മേളന



ത്തിന്ന് എത്തിച്ചേർന്നിരുന്നു. പടിഞ്ഞാറുനിന്നു വന്നുചേർന്ന 'യോഗം കലക്കി'കളെല്ലാം ഇതോടെ അപ്രത്യക്ഷരായി.

അദ്ധ്യക്ഷന്റെ അറബിപ്രസംഗവും അതിന്റെ പരിഭാഷയും അച്ചടിച്ചുസമ്മേളനത്തിൽതന്നെവിതരണംചെയ്തു. ചന്ദനക്കുടം, കൊടികുത്ത്മുതലായ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും അധിക്ഷേപിച്ചുകൊണ്ടുള്ള പ്രസംഗങ്ങളുംപ്രമേയങ്ങളും ജനങ്ങൾ സശ്രദ്ധംശ്രവിച്ചു. ആർക്കും ഒരുവിധത്തിലുള്ള എതിർപ്പുമുണ്ടായില്ല. സീതിസാഹിബിന്റെയുംമണപ്പാട്ടുകുഞ്ഞഹമ്മദ് ഹാജിയുടെയും പ്രസംഗങ്ങൾ കേട്ടത് മതിയായില്ല എന്നായിരുന്നു സദസ്യരുടെ ആവലാതി.

സീതിസാഹിബിന്റെ പ്രസംഗത്തിന്റെ ഒരു ഭാഗം ഇപ്രകാരമായിരുന്നു: "ഇന്നിവിടെ തടിച്ചുകൂടിയിട്ടുള്ള എന്റെ സഹോദരന്മാർ ഞങ്ങളെയും ഞങ്ങളുടെ പ്രസ്ഥാനത്തെയും എതിർക്കുന്നുണ്ടെങ്കിൽ അതു അവർക്ക് കാര്യംമനസ്സിലാവാത്തതുകൊണ്ടാണ്. അതിൽ അവർ കുററക്കാരല്ല. കാലക്രമേണ അവർക്ക് കാര്യം മനസ്സിലായിക്കൊള്ളും. അങ്ങിനെഅവർ നമ്മളെ ഇങ്ങോട്ടു ക്ഷണിച്ചുവരുത്തുന്ന കാലം വിദൂരമല്ല. അവർ നമ്മുടെപ്രസ്ഥാനത്തിന്റെ അനുകൂലികളും സഹായികളുമായിത്തീരും. ഞങ്ങളെ തിരഞ്ഞുപിടിച്ചു പ്രസംഗിപ്പിക്കും.' സീതിസാഹിബിന്റെ ഈ വാക്കുകൾ അക്ഷരംപ്രതി അന്വർത്ഥമായിക്കഴിഞ്ഞുവെന്നുള്ളത് ആരേയും പറഞ്ഞറിയിക്കേണ്ടതില്ല. അദ്ദേഹത്തിന്റെ മാച്ചാൽ മായാത്ത ഒരു സ്മാരകംതിരൂരിലാണല്ലോഉള്ളത്.

മടക്കയാത്രയിൽ അദ്ധ്യക്ഷനെ റയിൽവെസ്റ്റേഷനിലേക്ക്കാറിൽ കൊണ്ടുപോകാൻ നാട്ടുകാരുംപോലീസുകാരും ഒരുതീവ്രശ്രമംതന്നെ നടത്തി. അദ്ദേഹം കൂട്ടാക്കിയില്ല. ടി. ബി. യിൽനിന്ന് നടന്നാണ് അദ്ദേഹം അവിടെ എത്തിയത്.

(തുടരും)

Phone 147. Gram: UMMER BEEDI

മേന്മയിലും ഗുണത്തിലും മികവുററ

കെ. ഉമ്മർ ബീഡി

ഉന്മേഷത്തിന്റെ ഉറവിടം, സംതൃപ്തിയുടെ സാക്ഷാൽക്കാരം

K. UMMER & SONS, TELLICHERRY.

*Stockists:-*

P. Assoo C/o. Mahe Stores, Palghat-1

## ഖാദിയാനിയും ഖാദിയാനിസവും-5

# വെള്ളക്കാരുടെ ഗൂഢാലോചന

മൗലാന സയ്യിദ് അബുൽ ഹസൻ നദ്‌വി

ഹക്കീം നൂറുദ്ദീൻ ജോലിയാവശ്യാർത്ഥം ജമ്മുവിലാണ് താമസിച്ചിരുന്നതെന്നു മുൻ വിവരണത്തിൽനിന്നു ഗ്രഹിച്ചിരിക്കുമല്ലോ. സ്വദേശമായ ഭീരയിൽ നിന്നു സിയാൽക്കോട്ടുവഴിക്കാണ് അദ്ദേഹം ജമ്മുവിലേക്ക് യാത്ര ചെയ്യാറ്. കോടതിയിൽ ഉദ്യോഗംവഹിച്ചുകൊണ്ട് ക്രി: 1864നും 1868നുമിടക്ക് മിർസാഗുലാം താമസമുറപ്പിച്ചിരുന്നതും സിയാൽക്കോട്ടാണ്. വാദപ്രതിവാദത്തിലുള്ള ഒട്ടൊരു കമ്പം അവരെ അടുപ്പിച്ചു. അവർ പരിചയപ്പെട്ടു. ഇരുവർക്കും പരസ്പര മതിപ്പുണ്ടായി. 1885 മുതൽ അവർ തമ്മിൽ എഴുത്തുകുത്തുകൾ ആരംഭിക്കുന്നു. ഹക്കീം നൂറുദ്ദീനു മിർസാ എഴുതിയ ആദ്യത്തെ കത്ത് അയാളുടെ കത്തുകളുടെ സമാഹാരത്തിൽ നമുക്കു വായിക്കാം. 8-3-1885 ആണ് അതിൽ കുറിച്ചിട്ടുള്ള തിയ്യതി (മക്തുബൊതെ അഹ്മദിയ്യത്ത്. വാള്യം-5. പേ: 1)

കത്തുമുഖേന അവർ അടിക്കടി ബന്ധം പുലർത്തിവന്നു. ചങ്ങാത്തം ശക്തിപ്പെട്ടു. പുസ്തകങ്ങൾ അച്ചടിക്കാൻ നൂറുദ്ദീൻ തന്റെ സുഹൃത്തിന്നു ഉദാരമായ സംഭാവനകൾ നൽകി. മിർസാ അയാളോട് കടംവാങ്ങാറുണ്ട്. തനിക്കുനൽകിയ സാമ്പത്തികസഹായത്തിന്നും ഉദാരമായ സംഭാവനകൾക്കും മിർസാ അയാൾക്കു നന്ദി രേഖപ്പെടുത്തുകയും അയാളുടെ സേവനത്തെ പ്രകീർത്തിക്കുകയും ചെയ്യുന്നു. നാൾക്കുനാൾ അവരുടെ ബന്ധം ബലപ്പെട്ടു. ഉററ ചങ്ങാതിമാരായിതീർന്നതുമൂലം ഗാർഹികവും വക്തിപരവുമായ കാര്യങ്ങളെകുറിച്ചും അവർ സംസാരിക്കുകപതിവായി. (മക്തുബാതെ അഹ്മദിയത്ത് 5-ാം വാള്യം നോക്കുക.) 1888 ജനുവരിയിൽ മിർസാ സുഹൃത്തിനെ കാണാൻ കാശ്മീരിൽ പോയി. അയാളുടെകൂടെ ഒരു മാസം താമസിച്ചു. (മക്തുബാതെ അഹ്മദിയത്ത് വാ: 5 പേ: 5) 'ബറാഹിനെ അഹ്മദിയ്യ'ത്തിനെ ഖണ്ഡിച്ചുകൊണ്ട് 'ലേഖറാം' ഒരു പുസ്തകം എഴുതിയിട്ടുണ്ടായിരുന്നു. അതിന്നു മറുപടിയായി ഒരു പുസ്തകം രചിക്കണമെന്നു മിർസാ തന്റെ സുഹൃത്തിന്നു എഴുതി. ഇങ്ങനെ അവർ നിരന്തരം ബന്ധപ്പെട്ടു. അടുത്തിടപഴകി. തന്റെ ഇൽഹാമുകളും കിനാവുകളും അസാധാരണ ജ്ഞാനങ്ങളും മിർസാ അയാളെ ധരിപ്പിക്കാറുണ്ട്. ചിലപണ്ഡിതന്മാർ തന്നെ എതിർക്കുകയും കാഫിറാക്കുകയും ചെയ്യുന്നുണ്ടെന്നു ആവലാതിപ്പെടാറുണ്ട്. 15-7-1890ൽ നൂറുദ്ദീന്നയച്ച ഒരുകത്തിൽ മിർസാ എഴുതി. "അല്ലാഹു ഒരു മഹൽ കാര്യം വെളിപ്പെടുത്തുമെന്നു ഞാൻ മനസ്സിലാക്കുന്നു". (മക്തുബാത്ത്; വാ:5; പേ: 79)

ഖാദിയാനിയുടെ ജീവിതത്തിലും ഖാദിയാനിസത്തിന്റെ ചരിത്രത്തിലും ഒരു പരിവർത്തനഘട്ടം കുറിച്ചു നിർണ്ണായക വർഷമായിരുന്നു ക്രി: 1891. ഈ വർഷം ജനുവരി 24നു ഹക്കീം നൂറുദ്ദീന്നു മിർസാ അയച്ച ഒരു മറുപടികത്ത് നമ്മുടെ സവിശേഷശ്രദ്ധയാകർഷിക്കുന്നു. ഖാദിയാനിസത്തിന്റെ ആശയവും അത് എങ്ങനെ രൂപംകൊണ്ടു, എവിടെനിന്നു ഉൽഭവിച്ചു എന്നും ഈ കത്ത് വ്യക്തമാക്കുന്നുണ്ട്. ഈ 'അനശ്വര' സന്ദേശത്തിന്റെ പ്രസക്തഭാഗം വായനക്കാരുടെ മുമ്പിൽവെക്കാം:

"ഈ അപ്രാപ്തനു (മിർസ) മസീഹിന്റെ പ്രതിരൂപമാണെന്നു എന്തുകൊണ്ട് വാദിച്ചുകൂടാ എന്നും മസീഹ് ദമസ്കസ്സിൽ അവതീർണ്ണനാവുമെന്നുള്ള ഹദീസിന്റെ വെളിച്ചത്തിൽ നീങ്ങുന്നതിന്നു എന്തു തടസ്സമാണുള്ളതെന്നും വന്ദ്യഗുരു ചോദിക്കുന്നു. അവിടുന്നു മനസ്സിലാക്കിയാലും: ഈ അപ്രാപ്തനു മസീഹിന്റെ പ്രതിരൂപമാവണമെന്നില്ല. അല്ലാഹു അവന്റെ വിനയാന്വിതരും അനുസരണശീലരുമായ ദാസന്മാരിൽ എന്നെയും ഉൾപ്പെടുത്തണം. അതാണ് എന്റെ ഒരേഒരാഗ്രഹം". (മക്തൂബാതെ അഹ്മദിയ്യത്ത് വ: 5; പേ: 85)

മസീഹ് ജീവിച്ചിരിപ്പുണ്ടെന്നും അവസാനകാലത്തു അദ്ദേഹം അവതീർണ്ണനാവുമെന്നുമുള്ള വിശ്വാസവും ഇതുവരെ പുലർന്നുകഴിഞ്ഞിട്ടില്ലാത്ത, ഫിത്നകളെസ്സംബന്ധിച്ച ഹദീസുകളുമാണ് മുസ്ലിംഹൃദയങ്ങളിലേക്കു വലിഞ്ഞുകേറാൻപററിയ ഒരേഒരു മാർഗ്ഗമെന്നും ഈ സ്ഥാനം അവകാശപ്പെടുന്ന ആൾക്ക് ആത്മീയവും മതപരവും രാഷ്ട്രീയവുമായ നേതൃത്വം നിഷ്പ്രയാസം നേടാൻ സാധിക്കുമെന്നും തന്റെ ബൃഹത്തായ പരിചയത്തിൽനിന്നും മതപരിജ്ഞാനത്തിൽനിന്നും നൂറുദ്ദീൻ മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. ജിഹാദിന്റെ സന്ദേശം വെള്ളക്കാരെ ശല്യപ്പെടുത്തുകയും വീർപ്പുമു

ട്ടിച്ചുകൊണ്ടിരിക്കുകയും ചെയ്തിരു
ന്നവെന്നു അവരുടെ തന്നെ പ്ര
സിദ്ധീകരണങ്ങളും അക്കാലത്തെ
രാഷ്ട്രീയ ചരിത്രവും വ്യക്തമാക്കു
ന്നുണ്ട്. പ്രസിദ്ധസേനാനിയാ
യിരുന്ന ഇമാം അഹ്മദുബ്നിൻ ഇ
ർഫാന്റെ പ്രസ്ഥാനം കെട്ടടങ്ങി
യിരുന്നില്ല. 19–ാം നൂററാണ്ടിന്റെ
തുടക്കത്തിൽ അദ്ദേഹവും കൂട്ടുകാ
രും ജിഹാദിന്നും ജീവാർപ്പണ
ത്തിന്നും ആഹ്വാനം ചെയ്തതും അ
തു മുസ്ലിംഹൃദയങ്ങളെ സ്വാധീനി
ച്ചതും ആയിരക്കണക്കിന്നു മുസ്ലിം
യോദ്ധാക്കൾ ജിഹാദിന്നു സന്ന
ദ്ധരായതും വെള്ളക്കാർ കണ്ടതാ
ണ്. ഈ പ്രസ്ഥാനം വെള്ളക്കാ
ർക്കും അവരുടെ മേധാവിത്വത്തി
ന്നും കനത്ത പ്രഹരമേൽപിക്കുക
യുണ്ടായി. സുഡാനിൽ മഹ്ദി
പ്രസ്ഥാനത്തിന്റെയും ജിഹാദി
ന്റെയും സന്ദേശവുമായി സയ്യിദ്
മുഹമ്മദ് അഹ്മദ് സുദാനി പ്ര
ത്യക്ഷപ്പെട്ടതും തന്മൂലം ബ്രിട്ടീഷ്
ഭരണം ത്രാസ്സിൽ ആടിക്കൊണ്ടി
രുന്നതും അവർക്കറിയാം. ഇതി
നൊക്കെ പുറമെ സയ്യിദ് ജലാലു
ദ്ദീൻ അഫ്ഗാനിയുടെ ആഹ്വാ
നം മുസ്‌ലിം ലോകത്തിൽ പടന്നു
പിടിക്കുകയും ചെയ്യുന്നു, ഈ അ
വസ്ഥാവിശേഷം വെള്ളക്കാരെ
അസ്വസ്ഥരാക്കി. മുസ്‌ലിം ഹൃദ
യങ്ങളിൽ സമരാവേശം നിറിച്ചു
കഞ്ഞുകൊണ്ടിരിക്കയാണെന്നും
നേരിയ ഒരു ചലനത്തിന്നുപോലും
അതിനെ ആളിക്കത്തിക്കാൻ സാ
ധിക്കുമെന്നും അവർക്കു നന്നായറി
യാം. മഹ്ദിയെയും മസീഹിനെ
യും കുറിച്ചുള്ള വിശ്വാസം മുസ്ലിം
സമുദായത്തിൽ രൂഢമൂലമാണെ
ന്നു അവർ മനസ്സിലാക്കിയിട്ടു
ണ്ട്. എന്നിരിക്കെ ഈ വിശ്വാ
സത്തെ ചൂഷണംചെയ്തു കാര്യം
നേടാൻ അവർ മീർസായെ ആയു
ധമാക്കിയെങ്കിൽ അതിൽ അത്ഭുത
പ്പെടാനില്ല.

ഉത്ഭവകേന്ദ്രം നൂറുദ്ദീനോ, വെ
ള്ളക്കാരോ, ആരുതന്നെയാവട്ടെ.
പ്രേരണയും സമ്മർദ്ദവും എന്തുത
ന്നെയാവട്ടെ, ഒരു കാര്യം സ്പഷ്ട
മാണ്. നൂറുദ്ദീനാണ് ഈ പ്ര
സ്ഥാനത്തിന്റെ ആസൂത്രകൻ. അ
തുകൊണ്ടുതന്നെ ദൈവികമതങ്ങ
ളിൽനിന്നും പ്രവാചകന്മാരുടെ
ആഹ്വാനങ്ങളിൽനിന്നും തികച്ചും
വ്യത്യസ്തമാണ് ഖാദിയാനിസം.
കാരണം, പ്രവാചകന്മാർക്കു ദിവ്യ
സന്ദേശങ്ങൾഅവതരിച്ചുകിട്ടുകയും
വിശ്വാസംവർദ്ധിക്കുകയും തങ്ങളു
ടെ പ്രവാചകത്വം ബോദ്ധ്യപ്പെട്ടു
കയുമാണ് ചെയ്തിരുന്നത്. അ
ല്ലാതെ ആരുടെയെങ്കിലും ഉപദേ
ശമോ പ്രേരണയോ നിമിത്തം കി
ളുത്തുവന്നതല്ല അവരുടെ ആദർശ
വും സന്ദേശവും. "അതാണ് എ
ന്നോടുള്ള കല്പന, ഞാൻ പ്രഥമ
മുസ്‌ലിമാകുന്നു". "ഞാൻ പ്രഥമ
വിശ്വാസിയാകുന്നു" എന്നാണ്
അവർ പ്രസ്താവിച്ചിരുന്നതും.

മീർസായുടെആത്മപരിശീലനം
പൂർത്തിയായി. ചുററുപാട് അ
നുകൂലം; മാർഗ്ഗം സുഗമവും. അ



യാളുടെ പ്രശക്തി നാടെങ്ങും പര
ന്നുകഴിഞ്ഞു. ഈ ഘട്ടത്തിൽ മ
സീഹിന്റെ രൂപത്തിൽ പ്രത്യക്ഷ
പ്പെടാനും വാഗ്ദത്ത മസീഹാ
ണ് താനെന്നു വാദിക്കാനും ഹ
കീം നൂറുദ്ദീൻ അയാളോട് നിർ
ദ്ദേശിച്ചു. മീർസാ ഇസ്ലാമിന്നു
വേണ്ടി കുറേയൊക്കെ സേവനം
ചെയ്തിട്ടുണ്ട്. ഇൽഹാമുകളും കി
നാവുകളും പ്രവചനങ്ങളുംനിമി
ത്തം അയാൾ ഒരു അതിമാനുഷ
നാണെന്നു ചിലക്കു വിശ്വാസമു
ണ്ട്. ഇത്തരം കാരണങ്ങളാൽ
ജനങ്ങൾ മീർസായെ സ്വാഗതം
ചെയ്യുമെന്നാണ് നൂറുദ്ദീൻ ദീർ
ഘദർശനം ചെയ്തിരുന്നത്.

നൂറുദ്ദീൻ നിർദ്ദേശിച്ച പദവി
യിൽ പ്രത്യക്ഷപ്പെടാൻ വൈമു
ഖ്യം കാണിച്ചുവെന്നതും വിനയ
വും അപ്രശസ്തിയും പ്രദർശിപ്പിച്ചു
വെന്നതും മീർസായെകുറിച്ചു ന
മ്മിൽ മതിപ്പുളവാക്കും. പക്ഷെ
അയാൾ പിന്നീട് ഈ നിർദ്ദേശം
സ്വീകരിക്കുകയും അത് വെട്ടിത്തു
റന്നു പ്രഖ്യാപിക്കുകയും ചെയ്തു
മ്പോൾ ആരും മൂക്കത്തു വിരൽ
വെച്ചുപോകും. ബറാഹീനെ
അഹ്മദിയ്യത്ത്, സിർമചശമെ
ആരിയ, ശഹ്നനെഹഖ് എന്നീ
കൃതികൾക്കുശേഷം അയാൾ എഴു
തി പ്രസിദ്ധംചെയ്ത ആദ്യത്തെ
പുസ്തകം 'ഫത്ഹുൽ ഇസ്‌ലാ'മാ
ണ്. മേൽപറഞ്ഞ മൂന്നുകൃതിക
ളിലും മസീഹിന്റെ പ്രതിരൂപം
എന്ന ആശയമേയില്ല. നിർണ്ണായ
കവുമായ 1891ൽ പുറത്തിറ
ങ്ങിയ ഫത്ഹുൽ ഇസ്ലാം എന്ന
ഈ പുസ്തകത്തിൽ, താൻ മസീ
ഹിന്റെ പ്രതിപുരുഷനാണെന്നു
ഇദംപ്രഥമമായി മീർസാ വാദി
ച്ചു. ആ ഭാഗം അക്ഷരംപ്രതി
ഇവിടെ പരിഭാഷപ്പെടുത്തിച്ചേ
ർക്കാം.

" (ഹേ ജനങ്ങളേ!) ഈമാനം
ദീനമുള്ളവരാണ് നിങ്ങളെങ്കിൽ
അല്ലാഹുവെ സ്തുതിക്കുകയും കൃത
ജ്ഞതാപൂർവ്വം അല്ലാഹുവിന്നു സു
ജൂദചെയ്യുകയും ചെയ്‌വിൻ. നി
ങ്ങളുടെ പിതാക്കൾ ജീവിതം മുഴു
വൻ പ്രതീക്ഷിച്ചുകഴിഞ്ഞിരുന്ന
ആ കാലം–അവക്കത് കൈവന്നി
ല്ല–ആത്മാക്കൾ കൊതിച്ചു നിരാ
ശപ്പെട്ട ആ കാലം ഇതാ സമാഗ
തമായി: നിങ്ങൾക്കു അതു കൈ
വന്നു, നിങ്ങൾക്കുമാത്രം. ഈ അ
നുഗ്രഹത്തെകുറിച്ചു നിങ്ങൾ
ബോധവാന്മാരായിരിക്കണം. ഈ
അവസരം നിങ്ങൾ ഉപയോഗ
പ്പെടുത്തണം. ഞാൻ ആവർത്തി
ച്ചു പറയുകയാണ്! സത്യത്തെ
പുനഃപ്രതിഷ്ഠിക്കാൻ അയക്കപ്പെട്ട
ആ മനുഷ്യൻ ഞാനല്ലാതെ മററാ
രുമല്ല. ഈ ദീൻ ഹൃദയങ്ങളിൽ
പുതുതായി സ്ഥാനമുറക്കട്ടെ."

"കലീമുല്ല (മൂസ) യുടെശേഷം
ആ മനുഷ്യൻ (മസീഹ്) നിയു
ക്തനായി. അതുപോലെയാണ്
ഞാനും നിയുക്തനായത്. ഹി
രോദീസിന്റെ കാലത്ത് ക്രമാ

യ ശിക്ഷക്കും മർദ്ദനത്തിന്നുംശേഷം മസീഹിന്റെ ആത്മാവ് ഉയർത്തപ്പെടുകയുണ്ടായി. അങ്ങനെ രണ്ടാം കലീം (മുഹമ്മദ് (സ)-ഇദ്ദേഹം ഒന്നാം കലീമും പ്രവാചകപ്രഭുവുമാണ്—മറ്റൊരു കൂട്ടം ഫറോവമാരെ തുരത്താൻ വന്നു. "നിങ്ങൾക്കു സാക്ഷിയായിട്ടു നിങ്ങളിലേക്കു ഒരു റസൂലിനെ നാം അയച്ചു; ഫറോവയുടെ അടുത്തേക്കു ഒരു റസൂലിനെ നാം അയച്ചപ്രകാരം" എന്നാണ് അല്ലാഹു അദ്ദേഹത്തെപ്പറ്റി പറഞ്ഞിട്ടുള്ളത്! ഈ പ്രവാചകൻ പ്രവർത്തനങ്ങളിൽ കലീമിനെപ്പോലെയാണ്. അല്ല, അദ്ദേഹത്തെക്കാൾ ശ്രേഷ്ഠനാണ്; ആ സ്ഥിതിക്കു മുഹമ്മദ് നബിയുടെ ശേഷം മസീഹിന്റെ പ്രതിരൂപവും പ്രകൃതവും വൈശിഷ്ട്യവുമുള്ള ഒരാൾ ഉണ്ടായേ കഴിയൂ. അയാളുടെ ആഗമനകാലം ഒന്നാം കലീമിന്റെയും മസീഹുബിൻ മർയമിന്റെയും ഇടക്കുള്ള കാലത്തിന്നു സമാന്തരമായിരിക്കും. അതായത് ഹിജ്റ 14-ാംനൂറ്റാണ്ടിൽ ഈ മസീഹ് അവതരിച്ചുകഴിഞ്ഞു. അവതരണം ആത്മീയമായിരുന്നു". (ഫത്ഹുൽ ഇസ്‌ലാം പേ: 6, 7.)

ഈ വാചകങ്ങളിൽ കെട്ടിക്കുടുക്കും അവ്യക്തതയുമുണ്ട്! ഇതു ഗ്രന്ഥകാരൻ ബോധപൂർവ്വം ചെയ്തതാണെന്നാണ് എന്റെ വിശ്വാസം. അവ്യക്തതയുണ്ടെങ്കിലും അയാളുടെ വിശ്വാസത്തെയും നൂതന പ്രസ്ഥാനത്തെയും വാചകങ്ങൾ വ്യക്തമാക്കുന്നുണ്ട്. അയാൾ മസീഹിന്റെ പ്രതിരൂപമാണെന്നാണ് അതിന്റെ ആകെത്തുക. അപ്പോൾ തന്റെ സുഹൃത്ത് നൂറുദ്ദീന്റെ നിർദ്ദേശം അയാൾ സ്വീകരിച്ചിട്ടുണ്ട്. 1891ൽ പുറത്തിറങ്ങിയ അയാളുടെ 'ഫത്ഹുൽ ഇസ്‌ലാം, തൗളീഹെമറാം, ഇസാലത്തെ ഔഹാം, എന്നീ മൂന്നു പുസ്തകങ്ങൾ ഈ വിഷയത്തെ ചുറ്റിപ്പറ്റിയുള്ളവയാണ്. തുടക്കവും, അവസാനവും അതിൽ തന്നെ. ഈ പുസ്തകത്തിൽ മറ്റൊരിടത്ത് അയാൾ പറയുന്നു:

"എനിക്കു മസീഹിന്റെ പ്രകൃതിയോടുസാമ്യമുണ്ട്. പ്രകൃതിപരമായ ഈ സാമ്യതയുടെ അടിസ്ഥാനത്തിലാണ് ക്രൈസ്തവ വിശ്വാസങ്ങളെ തകർക്കാൻ ഈ അശക്തനെ മസീഹ് എന്നപേരിൽ അയച്ചിട്ടുള്ളത്! കുരിശ് തകർക്കാനും പന്നികളെ കൊല്ലാനുമാണ് എന്നെ അയച്ചത്. വലത്തും ഇടത്തും മലക്കുകളുടെ അകമ്പടിയോടെ ആകാശത്തുനിന്നു ഇറങ്ങുകയാണ് ഞാൻ ചെയ്തത്". (ഫത്ഹുൽ ഇസ്‌ലാം. പേ: 9)

തൗളീഹെമറാം എന്ന മീർസയുടെ പുസ്തകം ആരംഭിക്കുന്നതുതന്നെ അസന്ദിഗ്ദ്ധമായ ഒരു വിവരണത്തോടെയാണ്. അതിന്റെ പരിഭാഷ ഇതാ:



"മസീഹുബിൻ മർയം ശരീരത്തോടെ ആകാശത്തിലേക്കു ഉയർത്തപ്പെട്ടുവെന്നും ഒരു കാലത്തു ആകാശത്തിൽനിന്നു അദ്ദേഹം ഇറങ്ങുമെന്നും അല്പസ്വല്പം വ്യത്യാസമുണ്ടെന്നിരുന്നാലും മുസ്‌ലിംകളും ക്രിസ്ത്യാനികളും പൊതുവെ വിശ്വസിക്കുന്നു. ഫത്ഹുൽ ഇസ്‌ലാം എന്ന പുസ്തകത്തിൽ അത് ഒരു പിഴച്ച വിശ്വാസമാണെന്നു ഞാൻ സ്ഥാപിക്കുന്നുണ്ട്. ബറാഹീനെ അഹ്മദിയ്യത്ത് എന്നകൃതിയിൽ മസീഹിന്റെ ആഗമനം സ്ഥാപിച്ചിട്ടുള്ളതിനെക്കുറിച്ച് മിർസായോടു ചോദ്യമുണ്ടായി. അതിന്നു അയാളുടെ മറുപടി ഇതായിരുന്നു: ബഹുഭൂരിപക്ഷം മുസ്‌ലിംകളുടെ സുപ്രസിദ്ധമായ ഒരു ഇസ്‌ലാമിക വിശ്വാസം എന്നനിലക്കാണ് അങ്ങിനെ എഴുതിയത്. തദ്വിഷയകമായി അതുവരെ അല്ലാഹുവിൽനിന്നു ഒരു നിർദ്ദേശവും ലഭിച്ചിരുന്നില്ല. യാഥാർത്ഥ്യം വ്യക്തമാകുന്നതിനു മുമ്പ്, അംഗീകരിക്കപ്പെട്ട തെളിവുകളെ അടിസ്ഥാനമാക്കി പറഞ്ഞുവെന്നുമാത്രം. (ഇസാലത്തെ ഔഹാം പേ: 97) ബറാഹീനെ അഹ്മദിയ്യത്ത് 5:85ൽ മിർസാ പറയുന്നു. 'എന്റെ കണ്ണുകൾ അടഞ്ഞുകിടക്കുകയായിരുന്നു. അങ്ങിനെ അല്ലാഹു അതു തുറന്നു'.—(അബുൽ ഹസൻ നദ്‌വി) ഇറങ്ങും എന്നതിന്റെ ഉദ്ദേശം മസീഹ് ഇറങ്ങും എന്നല്ലെന്നും മസീഹിന്റെ പ്രതിപുരുഷൻ വരുമെന്ന അർത്ഥത്തിലുള്ള ഒരു അലങ്കാരപ്രയോഗം മാത്രമാണതെന്നും ഞാൻ വിവരിച്ചിട്ടുണ്ട്. ഈ അശക്തൻ തന്നെയാണ് ഈ വാർത്തയുടെ രേഖ" (തൗളീഹെമറാം. പേജ്: 2)

(തുടരും)

———


തപ്പാൽചിലവ്

# സൗജന്യം!!

## കെ. എം. മൗലവി സ്മാരക ഗ്രന്ഥം

കേരളത്തിലെ സുപ്രസിദ്ധ മതപണ്ഡിതനും, നിസ്തുല്യനായ മുഫ്തിയുമായിരുന്ന മർഹൂം കെ. എം. മൗലവി സാഹിബിന്റെ സംഭവബഹുലമായ ജീവചരിത്രങ്ങൾ ഉൾക്കൊള്ളുന്ന ഒരമൂല്യ ഗ്രന്ഥം !

ക്രൗൺ 1/4ൽ ഇരുനൂറ് പേജ്കൾ  വില 2ക മാത്രം.

2ക മണിയോർഡർ അയക്കുന്നവർക്ക തപാൽചാർജ്ജ് ഫ്രീയായി ഒരു കോപ്പിഅയക്കുന്നതാണ്.

സിക്രട്ടരി

കെ. എം. മൗലവി സ്മാരകട്രസ്റ്റ്

തിരൂരങ്ങാടി.

# ഇസ്ലാം ഒരു ചിരന്തന ജീവൽപ്രസ്ഥാനം

ഒ. പി. ഹംസ

ഒരു പ്രത്യേക കാലഘട്ടത്തിൽ ഉടലെടുത്ത് ചുരുങ്ങിയ കാലം നിലനിന്ന്, അവസാനം അന്തർദ്ധാനം ചെയ്തിട്ടുള്ള ഒട്ടേറെ പ്രസ്ഥാനങ്ങളുണ്ട്, ചരിത്രത്തിന്റെ ചവററുകൊട്ടയിൽ അടിഞ്ഞുകിടക്കുന്നു. വെറും താല്ക്കാലികമായ പരിതഃസ്ഥിതികളുടെ ആവശ്യങ്ങൾ നിറവേററി, ലോകത്തിന്ന് തീരാ പ്രശ്നങ്ങൾ വരുത്തിവെച്ച്, സ്വന്തം അനുയായികളാൽ കയ്യൊഴിക്കപ്പെട്ട് എന്നെന്നേക്കുമായി മൃതിയടയുകയാണ് ആ പ്രസ്ഥാനങ്ങൾ ചെയ്തത്. ഫാസിസം, നാസിസം തുടങ്ങിയ പ്രസ്ഥാനങ്ങൾക്ക് ഇനി അതേ പേരിലും നേതൃത്വത്തിലും ഉയിർത്തെഴുന്നേല്ക്കാൻ സാദ്ധ്യമല്ല. അത്കൊണ്ട് തന്നെ അവയെ പുനരുദ്ധരിക്കുവാനോ പുനഃപ്രബോധനം ചെയ്യുവാനോ ആരും മുതിരുന്നില്ല; മുതിരുകയുമില്ല.

ഈ ചരിത്ര പാരമ്പര്യത്തിനൊരപവാദമത്രെ ഇസ്ലാം. ലോകാരംഭം മുതൽ സ്ഥാപിതമായ ഒരു പ്രസ്ഥാനമാണത്: കാലത്തിന്റെ ഗതിക്രമത്തിൽ പൌരോഹിത്യത്തിന്റെയും ദുഷിച്ച മതനേതൃത്വത്തിന്റെയും കയ്യേറ്റത്തിൽ ഇസ്ലാമിന്ന് പലവുരു രംഗത്ത്നിന്നും മാറിനില്ക്കേണ്ടി വന്നിട്ടുണ്ടെങ്കിലും, പൂർവ്വോപരി പ്രതാപത്തോടും പ്രഭാവത്തോടുംകൂടി അതുയിർത്തെഴുന്നേററിട്ടുണ്ട്. ചരിത്രത്തിന്റെ നാൽക്കവലകളിൽ ലോകം അത്യാകാംക്ഷയോടെ അതിനെ ഉററുനോക്കിക്കൊണ്ടിരുന്നിട്ടുണ്ട്; മനുഷ്യത്വത്തിന്റെ സമാധാന ദാഹത്തിന്ന് ശമനമാകുന്ന ദിവ്യതീർത്ഥം പകർന്നുകൊടുത്തിട്ടുണ്ട്. അത്കൊണ്ട് ഒരു ചിരന്തന ജീവൽപ്രസ്ഥാനമാകുന്നു ഇസ്ലാം. ജീവിക്കാനുള്ള എല്ലാ അർഹതകളും എല്ലാ സവിശേഷതകളും അതിനുണ്ട്; അതിനു മാത്രമെയുള്ളു താനും.

## എന്താണ് സവിശേഷതകൾ?

1. ജീവിതത്തെ നിയന്ത്രിച്ച് നിലക്ക് നിർത്തുവാനും അതിനെ  സന്തോഷപ്രദവും സമാധാനപൂർണ്ണവുമാക്കിത്തീർക്കാനും കഴിവുററ പ്രസ്ഥാനത്തിനേ നിലനില്ക്കാനർഹതയുള്ളു. അത്തരമൊരു പ്രസ്ഥാനം മനുഷ്യനിർമ്മിതമാകാവതല്ല. അല്പജ്ഞനായ മനുഷ്യന്ന് സദാ പ്രായോഗികവും കർമ്മസാധ്യവുമായ വ്യവസ്ഥ പടച്ചുണ്ടാക്കുക സാദ്ധ്യമല്ല. അതിനാൽ സർവ്വജ്ഞനായ ദൈവത്താൽ നിർദ്ദിഷ്ടമായിരിക്കണം മാനവ ജീവിതവ്യവസ്ഥയുടെ അടിസ്ഥാന ഘടകങ്ങൾ.

2. ഏതൊരു പ്രസ്ഥാനം മനുഷ്യജീവിതത്തിന്ന് യുക്തിയുക്തവും ജീവിതാനുഭവങ്ങളാൽ സാക്ഷീകൃതവും എന്നെന്നേക്കും അഖണ്ഡ്യവുമായൊരു വ്യാഖ്യാനം നൽകുന്നുവോ അതാണ് ചിരന്തന ജീവൽപ്രസ്ഥാനം. മനുഷ്യജീവിതം എവിടെനിന്നാരംഭിച്ചു, എങ്ങിനെ പുരോഗമിച്ചു, എവിടെച്ചെന്നവസാനിക്കും എന്നീ മൌലികപ്രശ്നങ്ങൾക്ക് തൃപ്തികരമായ മറുപടി നല്കാൻ കഴിയണം അതിന്.

3. മനുഷ്യന്റെ ചുററും ഒരു പ്രപഞ്ചം സ്ഥിതിചെയ്യുന്നു. അതിലെ ഒരു പ്രതിഭാസമാണ് മനുഷ്യൻ. അത്കൊണ്ട്തന്നെ മനുഷ്യജീവിതവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടാണത് കിടക്കുന്നത്. മനുഷ്യബുദ്ധിക്കതീതമായ ധാരാളം നിഗൂഢതകൾ അതിന്റെ പിന്നിലുണ്ട്. അപ്പോൾ നിത്യത്വം അവകാശപ്പെടുന്ന ഒരു പ്രസ്ഥാനം മനുഷ്യന്ന് ചുററും നിലകൊള്ളുന്ന ഈ അത്ഭുതപ്രപഞ്ചത്തിന്ന് യുക്ത്യാധിഷ്ഠിതമായ ഒരു വ്യാഖ്യാനം സമർപ്പിക്കണം.

4. മനുഷ്യൻ വിവിധ തരക്കാരും ജാതിക്കാരും ഭിന്ന വീക്ഷണങ്ങൾ വെച്ചുപുലർത്തുന്നവരുമാണ്. അതിനാൽ മനുഷ്യജീവിതത്തെ നിയന്ത്രിക്കുന്ന ഒരു പ്രസ്ഥാനം ജീവിതത്തിന്ന് ഒരു ലക്ഷ്യം നിർണ്ണയിച്ച്കൊടുക്കേണ്ടതാണ്. പ്രസ്തുത ലക്ഷ്യം സർവ്വസ്വീകാര്യവും മാനുഷിക പ്രവർത്തനങ്ങൾക്ക് പ്രചോദനമേകുന്നതുമായിരിക്കണം.

ഇത്തരം ഗുണങ്ങളുൾക്കൊള്ളാത്ത പ്രസ്ഥാനങ്ങൾ ചരിത്രത്തിന്റെ അഴുക്ക്ചാലിലേക്ക് വലിച്ചെറിയപ്പെട്ടിട്ടുണ്ടെങ്കിൽ അത് സ്വാഭാവികം മാത്രമാണ്. കാരണം പ്രസ്തുത ഗുണവിശേഷങ്ങളുള്ള പ്രസ്ഥാനങ്ങൾക്ക് മാത്രമേ കാലത്തിന്റെ വെല്ലുവിളികൾക്കുത്തരം നല്കുവാനും ചരിത്രത്തിന്റെ തിരിച്ചടികളെ ചെറുത്തു നിൽക്കുവാനും സാധിക്കയുള്ളു.

ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം പ്രസ്തുത ഗുണങ്ങൾ അതിന്റെ മൂലശിലകളാണ്. ഒന്നാമതായി അതൊരു ദൈവിക മതമാണ്. ദൈവികതയെ എടുത്തുകളഞ്ഞാൽ ഇസ്ലാമിന്നു അസ്തിത്വമില്ല. ഇസ്ലാമിന്റെ പ്രാമാണി

കഗ്രന്ഥമായ ഖുർആൻ മനുഷ്യന്റെ മാർഗ്ഗദർശനത്തിന്നു്വേണ്ടി ദൈവം അവതരിപ്പിച്ചതാണ്. ഖുർആന്റെ ശാസനകളെ തിരസ്കരിക്കുവാനോ നിയമങ്ങളെ ഭേദഗതി ചെയ്യുവാനോ പ്രവാചകന്നു് പോലും അധികാരമില്ല. എക്കാലത്തുമുള്ള ദൈവിക ഗ്രന്ഥങ്ങളുടെയും സ്ഥിതി ഇതു്തന്നെയായിരുന്നു. പക്ഷെ മുൻദൈവ ഗ്രന്ഥങ്ങളെ ഖുർആൻ അവതരിപ്പിച്ചു് കൊണ്ടു് അല്ലാഹുതന്നെ ഭേദഗതി ചെയ്തിരിക്കുന്നു.

ഖുർആന്റെ പ്രബോധകനായ മുഹമ്മദ്നബി (സ:അ) അല്ലാഹുവാൽ നിയുക്തനായ പ്രവാചകനാണ്. തന്റെ സ്വന്തം വകയായി അദ്ദേഹം യാതൊന്നും പറഞ്ഞിട്ടില്ല. "അദ്ദേഹം സ്വേഷ്ടം സംസാരിക്കുകയില്ല". എന്നാൽ അദ്ദേഹത്തിന്നു് ദൈവിക പദവിയൊട്ടില്ലതാനും. ദൈവത്തിന്റെ വിനീതനായ ഒരടിമ മാത്രമാണദ്ദേഹം. പക്ഷെ ദൈവമദ്ദേഹത്തിന്നു് ബോധനം നല്കുന്നു. അപ്പോൾ ഇസ്ലാം ആദ്യമദ്ധ്യാന്തം ദൈവികമാണ്.

സങ്കീർണ്ണമായ മനുഷ്യജീവിതത്തിന്നു സംതൃപ്തമായ ഉത്തരവും വ്യാഖ്യാനവും ഖുർആൻതന്നെ സമർപ്പിക്കുന്നു. സർവ്വശക്തനായ ദൈവം മനുഷ്യനെ സൃഷ്ടിച്ചു. ജീവിക്കാനാവശ്യമായ മറ്റു സൌകര്യങ്ങളും നൽകി. അവസാനം എല്ലാവരും അവങ്കലേക്കുതന്നെ മടക്കപ്പെടുന്നതുമാണ്.

ഈ പ്രപഞ്ചം ശൂന്യതയിൽ നിന്നു് ഉടലെടുത്തതല്ല. മനുഷ്യനെ സൃഷ്ടിച്ച ദൈവം മനുഷ്യന്റെ സൌകര്യത്തിന്നും സേവനത്തിന്നും വേണ്ടിയാണതു് സൃഷ്ടിച്ചത്. വിശാല വിസ്തൃതമായ ഈ പ്രപഞ്ചം കേവലം നിസ്സാരനായ മനുഷ്യന്നു്വേണ്ടി കറങ്ങുന്നു. അതിലെ സർവ്വചരാചരങ്ങളും ദൈവകല്പനയനുസരിച്ചാണ് ചലിക്കുന്നത്. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും മറ്റു ഗോളങ്ങളും ദൈവനിർണ്ണിത വ്യവസ്ഥയനുസരിച്ചുതന്നെ ചരിക്കുന്നു. അവന്നിഷ്ടപ്പെടുന്ന ഒരു സന്ദർഭത്തിൽ ഈ പ്രപഞ്ചത്തെയും മനുഷ്യനടക്കമുള്ള എല്ലാ പ്രതിഭാസങ്ങളെയും നശിപ്പിക്കുന്നതാണ്. മനുഷ്യനജ്ഞാതമായ ഒരവധി ദൈവം അതിന്നു് നിശ്ചയിച്ചിരിക്കുന്നു. ഈ അത്ഭുത പ്രപഞ്ചത്തിന്നു് ഇസ്ലാം നല്കുന്ന വ്യാഖ്യാനമാണിത്.

പരലോക വിജയമാണ് മനുഷ്യന്റെ ജീവിതലക്ഷ്യം. മനുഷ്യരഖിലം ദൈവസന്നിധിയിൽ ഹാജരാക്കപ്പെടുന്ന ഒരു ദിനമുണ്ടു്. അന്നു് മനുഷ്യപ്രവർത്തനങ്ങളെ സർവ്വശക്തനായ ദൈവം വിലയിരുത്തുന്നതാണ്. നന്മചെയ്തവർക്കു നല്ല പ്രതിഫലവും തിന്മചെയ്തവർക്ക് ചീത്ത പ്രതിഫലവും നൽകപ്പെടും. ആരുടെയും ശുപാർശയും പ്രായശ്ചിത്തവും സ്വീകരിക്കപ്പെടുന്നതല്ല. ഈ വിചാരണയിൽ വിജയശ്രീലാളിതനായിത്തീരുവാനാണ് ഇഹലോക ജീവിതം മുഖേന ഏതൊരു മനുഷ്യനും ശ്ര



മിക്കേണ്ടത്. ഇതാണ് മനുഷ്യന്റെ ജീവിതലക്ഷ്യമെന്നു് ഇസ്ലാം നിർദ്ദേശിക്കുന്നു. ഒരു വിഭാഗത്തിന്റെയല്ല, എല്ലാവരുടെയും ലക്ഷ്യം ഇതു്തന്നെ. മനുഷ്യപ്രവർത്തനങ്ങൾക്കു് പ്രചോദനം നൽകേണ്ടതും ഇതേ ലക്ഷ്യമാണ്. പരിവർത്തന വിധേയമായ ജീവിതത്തിന്റെ ഏതൊരു വഴിത്തിരിവിലും മനുഷ്യൻ പകച്ചു്നില്ക്കേണ്ടതില്ല. അവന്റെ മാർഗ്ഗം വളരെ വ്യക്തമായി ഇസ്ലാം വരച്ചുകാട്ടുന്നു.

മനുഷ്യ ജീവിതത്തിന്നും പ്രപഞ്ചത്തിന്നും സ്വീകാര്യമായ ഒരു വ്യാഖ്യാനം നല്കുവാൻ ഇസ്ലാമിന്നു് മാത്രമെ സാധിച്ചിട്ടുള്ളു. സാധിക്കയുമുള്ളു. നാസ്തികരും യുക്തിവാദികളുമായ ചിന്തകർക്കു്പോലും പ്രപഞ്ചത്തിന്നും മനുഷ്യ ജീവിതത്തിന്നും സംതൃപ്തമായ ഒരു വീക്ഷണം അവതരിപ്പിക്കാൻ സാധിച്ചിട്ടില്ല. തദ്വിഷയകമായി ചിന്തിച്ച പലരും ചില സിദ്ധാന്തങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും അവയൊന്നും മനുഷ്യനെ സാന്ത്വനപ്പെടുത്തിയിട്ടില്ല. കാരണം അവയെല്ലാം ഭാഗികവും അതിലേറെ യുക്തിരഹിതവും അപൂർണ്ണവുമാണ്. അവയുടെ ഉപജ്ഞാതാക്കൾക്കുതന്നെ അവയിൽ തൃപ്തിയടയുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യം സംശയമാണ്.

വിശ്വ വിഖ്യാതനായ ഒരു ചിന്തകനും ജീവശാസ്ത്ര പടുവുമാണ് 'ഡാർവിൻ'. അദ്ദേഹത്തിന്റെ സിദ്ധാന്തമാണ് പരിണാമവാദമെന്ന പേരിലറിയപ്പെടുന്നതു്. കേവലം നിസ്സാരമായ അമീബായിൽനിന്നു് തുടങ്ങിയ പരിണാമപ്രക്രിയ ഉൽകൃഷ്ടനായ മനുഷ്യനിൽ ചെന്നവസാനിക്കുന്നുവെന്നതാണദ്ദേഹത്തിന്റെ സിദ്ധാന്തം. ചില ശാസ്ത്രീയ നിഗമനങ്ങൾ മാത്രമാണദ്ദേഹത്തിന്റെ അവലംബം. ഈ ആശയത്തെ ശാസ്ത്രജ്ഞന്മാരടക്കം പലരും ഖണ്ഡിച്ചിരിക്കുന്നു. ഈ പരിണാമ ശൃംഖലയിലെ ചില കണ്ണികൾ ഇന്നും അജ്ഞാതമാണത്രെ! അതു് പൂർത്തിയായാൽതന്നെ ഈ ശൃംഖലയുടെ ആദ്യത്തെ കണ്ണിയായ അമീബ എങ്ങിനെയുണ്ടായി? അവസാനത്തെ കണ്ണിയായ മനുഷ്യനിൽനിന്നു് ഈ പ്രക്രിയ തുടരാത്തതെന്തു്?

ഒരു മനശാസ്ത്രപടുവാണ് ഫ്രോയിഡ്, സാമ്പത്തിക വിദഗ്ധനാണ് മാർക്സ്, പ്രകൃതി ശാസ്ത്രജ്ഞനാണ് ഐൻസ്റ്റൈൻ. മനുഷ്യ ജീവിതത്തെ സമഗ്രമായി വിലയിരുത്തുവാനും തദടിസ്ഥാനത്തിൽ വ്യക്തമായ ഒരു കാഴ്ചപ്പാടു് ആവിഷ്ക്കരിക്കാനും അവരിലാർക്കും സാധിച്ചിട്ടില്ല. അന്ധർ ആനയെ കണ്ടപോലെ പലരും ജീവിതത്തെ ഭാഗികമായി മാത്രമാണ് ദർശിച്ചതു്. തദടിസ്ഥാനത്തിൽ മെനഞ്ഞെടുത്ത ചിന്താഗതികൾ അപൂർണ്ണവും അപ്രസക്തവുമാണ്. കാമാസക്തിയുടെ അടിമയായിട്ടാണ് ഫ്രോയിഡ് മനുഷ്യനെ കാണുന്നതു്. അവന്റെ സ്വഭാവ

പ്രവർത്തനങ്ങൾക്കും ഉത്തേജനം നല്കുന്നത് ലൈംഗികാസക്തിയാണത്രെ! സ്നേഹാർദ്രയായ ഒരു മാതാവ് തന്റെ ഓമനക്കുഞ്ഞിനെ മടിയിലിരുത്തി ഒന്നുമ്മവെക്കുമ്പോൾ അതിന്റെ പിന്നിലും ലൈംഗികാസക്തി ഫ്രോയിഡ് ദർശിക്കുന്നു.

മനുഷ്യജീവിതത്തെ ചരിത്രപരമായി വിലയിരുത്തുന്നു മാർക്സ്. തൊഴിലാളിയും മുതലാളിയും തമ്മിലുള്ള വർഗ്ഗസംഘട്ടനമാണ് മനുഷ്യചരിത്രമെന്ന് അദ്ദേഹം വാദിക്കുന്നു. ഈ പ്രക്രിയയുടെ പിന്നിൽ ഒരഭൌമിക ശക്തിയൊട്ടില്ലതാനും. ഈ ചരിത്ര വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിലാണ് കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്ന് അദ്ദേഹം രൂപം നല്കിയത്. മനുഷ്യൻ ഒരു സാമ്പത്തിക ജീവിയാണെന്നും മനുഷ്യജീവിതത്തിലെ നിർണ്ണായക ഘടകം സമ്പത്താണെന്നും മാർക്സ് വാദിക്കുന്നു. തെറ്റായ ഒരു ചരിത്രവീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഒരു സാമ്പത്തിക വ്യവസ്ഥ രൂപീകരിക്കുകയും പിന്നീടത് മനുഷ്യജീവിതത്തെയാകെ ബാധിക്കുന്ന ഒരു പ്രസ്ഥാനമായി ഉയരുകയുമാണ് ഈ ചിന്തകൻ ചെയ്തിട്ടുള്ളത്.

അന്ന് നിലവിലുണ്ടായിരുന്ന എല്ലാ നിഗമനങ്ങളെയും ഭേദഗതിചെയ്തുകൊണ്ടാണ് ഐൻസ്റ്റൈൻ തന്റെ ആപേക്ഷിക സിദ്ധാന്തം അവതരിപ്പിച്ചത്. തെറ്റോ ശരിയോ ആയ ഒരു ശാസ്ത്രീയ നിഗമനമെന്നതിൽ കവിഞ്ഞു മനുഷ്യജീവിതത്തെ ബാധിക്കുന്ന ഒരു പ്രസ്ഥാനമായി അതുയർന്നുവന്നിട്ടില്ല. പ്രപഞ്ചത്തെക്കുറിച്ച് അഗാധമായി ചിന്തിച്ചശേഷം അദ്ദേഹം പറഞ്ഞു. "പ്രപഞ്ചത്തിന്റെ പിന്നിൽ മനുഷ്യബുദ്ധിക്ക് മനസ്സിലാക്കാൻ കഴിയാത്ത ധാരാളം നിഗൂഢ രഹസ്യങ്ങളുണ്ട്" എന്ന്.

ചുരുക്കത്തിൽ മാർക്സ് മാത്രമാണ് തന്റെ ചിന്താഗതിയുടെ അടിസ്ഥാനത്തിൽ ഒരു പ്രസ്ഥാനം മെനഞ്ഞെടുക്കാൻ ശ്രമിച്ചത്. മുൻചൊന്ന ബലഹീനതകളുള്ളതിനു പുറമെ സർവ്വസ്വീകാര്യമായ ഒരു ലക്ഷ്യവും അതിന്നില്ലതന്നെ. തൊഴിലാളികൾക്കതിൽ താല്പര്യമുണ്ടാകാമെന്നു സമ്മതിച്ചാൽതന്നെ മുതലാളികൾക്കതു സ്വീകാര്യമായിരിക്കുകയില്ല.

ചരിത്രം പണ്ടെന്നോ വിധിയെഴുതിക്കഴിഞ്ഞ നാസിസവും ഫാസിസവുമാണ് മറ്റുചില പ്രസ്ഥാനങ്ങൾ. ഒരു ചുരുങ്ങിയ കാലം മനുഷ്യ ഹൃദയങ്ങളിൽ കോളിളക്കം സൃഷ്ടിക്കാൻ സാധിച്ചെങ്കിലും പിന്നീട് രണ്ടാമതൊരുയിർത്തെഴുന്നേല്പിന്ന് സാദ്ധ്യതയില്ലാത്ത രൂപത്തിൽ എന്നെന്നേക്കുമായി അവ അന്തർധാനംചെയ്തു. ഇവയുടെ പേരുകൾപോലും ഇന്നജ്ഞാതമാണ്.

ചരിത്രം പരിശോധിക്കുമ്പോൾ



ഇത്തരം പ്രസ്ഥാനങ്ങളെ വേറെയും കാണാം. ആദ്യത്തെ പ്രസ്ഥാനത്തെ കള്ളമാക്കിക്കൊണ്ടും വെല്ലുവിളിച്ചുകൊണ്ടുമാണ് രണ്ടാമത്തേത് വരിക. പക്ഷെ ഇസ്ലാം അത്പോലെയല്ല. ദൈവിക ഗ്രന്ഥങ്ങൾ അന്യോന്യം നിഷേധിക്കുകയോ പ്രവാചകന്മാർ അന്യോന്യം കള്ളമാക്കുകയോ ചെയ്തിട്ടില്ല. ദൈവ ഗ്രന്ഥങ്ങളുടെ അവസാനത്തെ പതിപ്പായ ഖുർആൻ അതിന്റെ മുമ്പുള്ള ഇൻജീലിനെയും, സബൂറിനെയും, തൌറാത്തിനെയും സത്യപ്പെടുത്തുന്നു. അവസാനത്തെ പ്രവാചകനായ മുഹമ്മദ്നബി മറ്റെല്ലാ പ്രവാചകന്മാരെയും സത്യപ്പെടുത്തുന്നു. യഥാർത്ഥ ജൂതമതവും ക്രിസ്ത്യാനിസവും ഇസ്ലാമിന്റെ പഴയ പതിപ്പുകൾ മാത്രമാണ്. പക്ഷെ കാലത്തിന്റെ പുരോഗതിയനുസരിച്ച് ആവശ്യമായ ഭേദഗതികളോടുകൂടി അല്ലാഹുതന്നെ അവയെ പരിഷ്കരിച്ചു. അതാണ് ഖുർആനികാടിസ്ഥാനത്തിൽ മുഹമ്മദ്നബി പ്രബോധനംചെയ്ത ഇസ്ലാം. ഇസ്ലാമേതര പ്രസ്ഥാനങ്ങൾ ഒന്ന് മറ്റൊന്നിനെ അംഗീകരിക്കയോ ഒന്നിന്റെ കർത്താവ് മറ്റൊന്നിന്റെ കർത്താവിനെ സ്വീകരിക്കുകയോചെയ്യുന്നില്ല. ഇതും ഇസ്ലാമിന്റെ മാത്രം പ്രത്യേകതയാണ്

ചുരുക്കത്തിൽ ഇസ്ലാം ഒരു ശാശ്വത പ്രസ്ഥാനമാണ്. അത് മാത്രമാണ് ശാശ്വത പ്രസ്ഥാനം. അതിന്നു അനിവാര്യമായ ഗുണങ്ങൾ അതിൽ സമ്മേളിക്കുകയും ചെയ്തിരിക്കുന്നു. ചരിത്രത്തിലിന്നോളം പ്രശോഭിതമായി വിലസുവാനും ഇസ്ലാമിന്നു സാധിച്ചത് ഇത്കൊണ്ടാണ്. ലോകാവസാനംവരെ വിലസുവാനും അതിന്ന് സാധിക്കും.

—...—

(22-ാംപേജിൽനിന്ന് തുടർച്ച)

യാതൊരു കുറ്റക്കാരനെയും അവൻ സമ്മതിക്കാത്ത കുറ്റത്തിന്ന് അല്ലാഹു ശിക്ഷിക്കുകയില്ല. വിചാരണചെയ്ത് ബോധ്യപ്പെടുത്തിക്കൊടുത്തതിനുശേഷംമാത്രമെ പരലോകത്തിൽ ശിക്ഷിക്കുകയുള്ളു.

അബ്ദുറസ്സാഖിന്റെ രണ്ടാമത്തെ ചോദ്യം; ഇപ്പോൾ കേരളത്തിലും ലോകത്തുംകാണുന്ന ഇസ്ലാഹി പ്രസ്ഥാനങ്ങൾ എന്തിന്ന്?

മറുപടി:- ആ പ്രസ്ഥാനങ്ങളുടെ ഭാരവാഹികൾ അവരുടെ പ്രസിദ്ധീകരണങ്ങളിൽ അതു പറഞ്ഞിട്ടുണ്ടായിരിക്കും. എനിക്ക് ചില പ്രസ്ഥാനങ്ങളിൽ പങ്കുണ്ട്. ഞാനും എന്റെ സഹപ്രവർത്തകന്മാരും ഉദ്ദേശിക്കുന്നത് ഞങ്ങളുടെ ചില ബാധ്യതകൾ നിറവേറ്റണമെന്നാണ്. ഞങ്ങളുടെ മനഃസ്സാക്ഷിയുടേയും മതത്തിന്റെയും വിധിയനുസരിച്ച് ആ ബാധ്യതകൾ നിറവേററാഞ്ഞാൽ ഞങ്ങൾ വലിയ പാപികളായിപ്പോകും. എനിക്ക് യാതൊരു ബാധ്യതയുമില്ല എന്നു ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അവർക്ക് തെറ്റിപ്പോയതാണ്. ബാദ്ധ്യതകളെ സംബന്ധിച്ച് ബോധമില്ലാത്ത ജീവികൾ ലോകത്ത് വേറെയും ഉണ്ട്; മൃഗങ്ങൾ.

# “ തലയിലെഴുത്ത് ”

## കെ. ഉമർ മൗലവി

[ കഴിഞ്ഞ മെയ്, ജൂൺ ലക്കങ്ങളിൽ ഈ തലവാചകത്തിലുള്ള ലേഖനം ഒന്നുകൂടി വായിച്ചതിനുശേഷം ഇതു വായിക്കുവാൻ പ്രത്യേകം ഉണർത്തുന്നു. ]

അബ്ദുർറസാഖ് മൂന്നു ചോദ്യങ്ങളാണ് ഉന്നയിച്ചത്. ഒന്ന്, ലോകത്ത് നടക്കാനുള്ള എല്ലാ സംഗതികളെപ്പറ്റിയും അല്ലാഹു മുൻകൂട്ടി വിധി എഴുതിക്കഴിഞ്ഞിട്ടുണ്ടെങ്കിൽപിന്നെ, അനിസ്ലാമികജീവിതം നയിക്കുന്നവരെ അല്ലാഹു എന്തിനാണ് ശിക്ഷിക്കുന്നത്?''

മറുപടി:– വിധി നടത്തുവാൻ തന്നെ. അതായത്, ''അനിസ്ലാമികജീവിതം നയിച്ചവർ ശിക്ഷ അനുഭവിക്കേണ്ടിവരും എന്നത് അല്ലാഹുവിന്റെ വിധിയാണ്. അതു നടപ്പിൽവരുത്താതെ ഒക്കുകയില്ല. അതു സ്വാഭാവികമാണ്. അതിൽ ഒരു പുതുമയുമില്ല.

പ്രകൃതിനിയമം, മതനിയമം ഇങ്ങിനെ രണ്ടു വകയുണ്ട് അല്ലാഹുവിന്റെ നിയമങ്ങൾ. ഇതുരണ്ടും ശരിക്കു പാലിക്കുന്നവർ മാത്രമാണ് വിജയികൾ. വിഘ്നവരുത്തിയവർ പരാജിതരും നഷ്ടക്കാരുമാണ്. അവർ ശിക്ഷ അനുഭവിക്കാതെ തരമില്ല. അല്ലാഹുവിന്റെ വിധിയാണത്. ചില ഉദാഹരണങ്ങൾ പറയാം. ഒരാൾ ഒരു തെങ്ങിൻ ചുവട്ടിൽ മൂത്രിക്കാൻ ഇരുന്നു. അയാളുടെ തലയിൽ ഒരു തേങ്ങവീണു. എങ്കിൽ അയാളെ ആരും ആക്ഷേപിക്കുകയില്ല. പക്ഷെ അതിന്റെ കെടുതി അയാൾ അനുഭവിക്കാതെ ഒക്കുമോ? മറ്റൊരാൾക്കും ഇതുപോലെ അനുഭവമുണ്ടായി. പക്ഷെ നേരത്തെ അയാളോട് ഉണർത്തിയിരുന്നു, ആ തെങ്ങിന്റെ ഒരുകുല ഒടിഞ്ഞിട്ടുണ്ട്. ഒരുപക്ഷെ തേങ്ങ വീണേക്കും ഈ ഉണർത്തൽ വിലവെക്കാതെ ഇരുന്നു; തേങ്ങ തലയിൽ വീണു; എങ്കിൽ എല്ലാവരും അയാളെ ആക്ഷേപിക്കും. അയാളുടെ മനസ്സിൽ കഠിനമായ ഖേദം ഉണ്ടാകും. ഈ രണ്ടാളുകളുടെയും സ്ഥിതി നല്ലവണ്ണം ശ്രദ്ധിക്കുക. ഒന്നാമത്തേവൻ ആളുകളുടെ ആക്ഷേപത്തിൽനിന്നും ഹൃദയത്തിൽ ശക്തിയായി ജ്വലിച്ചുകൊണ്ടിരിക്കുന്ന ഖേദമാകുന്ന അഗ്നിയിൽനിന്നും രക്ഷപ്പെട്ടവനായിരിക്കും.



രണ്ടാമത്തേവൻ അങ്ങിനെയല്ല. ബാഹ്യമായ യാതനയിൽ രണ്ടുപേരും സമന്മാരുമാണ്. കൃത്യവിലോപത്തിന്റെയും ബുദ്ധിമോശത്തിന്റെയും ശിക്ഷയാണ് രണ്ടുപേരും അനുഭവിക്കുന്നത്. ഈ ശിക്ഷ അല്ലാഹു വിധിച്ചതാണ്. എന്തിനാണ് ഇങ്ങിനെ ശിക്ഷിക്കുന്നതെന്ന് ആരും ചോദിക്കുകയില്ലല്ലോ. ഈ സ്ഥാനത്ത് മൃഗത്തിന്റെ നില എന്തെന്നു നോക്കുക. മൃഗവും യാതന അനുഭവിക്കും. പക്ഷെ ഒരു വ്യത്യാസമുണ്ട്. എന്റെ വീഴ്ചനിമിത്തമാണ് ഇതുണ്ടായതെന്ന് അതിന്നു മനസ്സിലാകയില്ല. മനുഷ്യന്ന് അതു മനസ്സിലാകും. അപ്പോഴാണ് വേദന അറിയുന്നത്. അതിനാൽ മൃഗത്തെ സംബന്ധിച്ചേടത്തോളം ഇതു ഒരു ശിക്ഷയാണെന്നു പറയേണ്ടതില്ല. മൃഗം ഇതിൽനിന്ന് പാഠംപഠിക്കുകയുമില്ല. അതുകൊണ്ടാണ് ഒരിക്കൽ ഇങ്ങിനെ അപകടംപിണഞ്ഞാൽ മേലിൽ അപകടം ഒഴിവാക്കാൻവേണ്ടി മനപൂർവ്വം കരുതി പ്രവർത്തിക്കാത്തത്. മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസം ശരിക്ക് മനസ്സിലാക്കിയാൽതന്നെ കുറെ സംശയങ്ങൾ തീരും. അങ്ങാടിയുടെ നടുവിൽവെച്ച് മലമൂത്ര വിസർജ്ജനത്തിന്ന് ആവശ്യം നേരിട്ടാൽ മനുഷ്യന്റെയും മൃഗത്തിന്റെയും സ്വഭാവമെന്താണ്. മൂരിക്ക് ഒരൊററകാര്യം മാത്രം. വാൽ പൊന്തിക്കുക. മററുള്ളവർ മാറിനില്ക്കും. മനുഷ്യനാകട്ടെ, തരപ്പെട്ട സ്ഥലംതേടി ഓടും. മൃഗത്തെപ്പോലെ അവൻ ചെയ്താൽ അവന്റെ കാര്യം മൃഗത്തെക്കാൾ കഷ്ടംതന്നെ. ആളുകൾ അവനെ വിടുകയില്ല. അവന്റെ ദുഷ്പ്രവൃത്തിക്കുള്ള ശിക്ഷയാണിത്. അത് അല്ലാഹുവിന്റെ വിധിയാണ്. എന്തിനാണ് അല്ലാഹു ഇങ്ങിനെ ശിക്ഷിക്കുന്നതെന്ന് വല്ലവനും ചോദിക്കുമോ?

അങ്ങാടിയുടെ നടുവിൽവെച്ച് മൂരിക്ക് പശുവിന്റെ നേരെ വികാരമുണ്ടായാൽ അതിന്ന് ഒന്നും നോക്കേണ്ടതില്ല. ആ മൂരിയെ മനുഷ്യരും ആക്ഷേപിക്കുകയില്ല. മൂരികളും ആക്ഷേപിക്കുകയില്ല. എന്നാൽ മനുഷ്യൻ അങ്ങിനെ പരസ്യമായി ചെയ്താൽ അവനെ എറിഞ്ഞുകൊല്ലണമെന്നാണ് മതത്തിൽ അല്ലാഹു വിധികല്പിച്ചിരിക്കുന്നത്. അതാണ് അതിന്റെ ഭൗതികമായ ശിക്ഷ. അല്ലാഹു അങ്ങിനെ ആജ്ഞാപിച്ചിട്ടില്ലെന്ന് സങ്കല്പിക്കുകയാണെങ്കിൽതന്നെ മഹാദുഷ്ടന്മാരിൽ അതിദുഷ്ടനായ, മൂരിയേക്കാൾ കഷ്ടപ്പെട്ട അവനെ സ്വൈരമായി വിഹരിക്കാൻ മനുഷ്യർ വിടുകയില്ലെന്ന് തീർച്ചയാണ്. (അല്ലാഹുവിന്റെ ഈ നിയമത്തെ വിമർശിക്കുകയും എതിർക്കുകയും ചെയ്തുകൊണ്ട് ചിലർ എഴുതുകയും പ്രസംഗിക്കുകയും ചെയ്തതായി കേട്ടിട്ടുണ്ട്. അതിനീചവും നികൃഷ്ടവുമായ ഈ ദുർനടപ്പിൽ അവർക്ക് വാസനയുണ്ടായിരിക്കാം. അല്ലെങ്കിൽ ഈ നിയമത്തെ പ്രശംസിക്കാനല്ലാതെ തരമില്ല.)

എന്തിനാണ് ഇങ്ങിനെ ശിക്ഷിക്കാൻ അല്ലാഹു ആജ്ഞാപിച്ചതെന്ന സന്മാർഗ്ഗികബോധമുള്ളവരും മനുഷ്യരാശിയുടെ നന്മയെ ആഗ്രഹിക്കുന്നവരുമായ ബുദ്ധിമാന്മാരാരും ചോദിക്കുകയില്ല. എന്നാൽ മനുഷ്യരെല്ലാം ഇത്തരം അരാജകത്വത്തിൽ രസിക്കുന്നവരായാലോ? എല്ലാവർക്കും അതു സുഖമല്ലേ? എന്നു ചിലർ ഒരുപക്ഷെ ചിന്തിച്ചേക്കാം. എന്നാൽ അങ്ങനെയുള്ള ഒരു ലോകം എത്ര മണിക്കൂർ സ്വൈരമായി നിലനില്ക്കുമെന്ന് പറയാൻ കഴിയില്ല. അതായത് ലോകം നശിക്കാൻ വേറെ ഒന്നും വേണ്ട. ലൈംഗികമായ അരാജകത്വം അഴിച്ചുവിട്ടാൽമാത്രംമതി. അനേകം നൂറ്റാണ്ടുകൾക്കുമുമ്പ് ചില ആളുകൾ ചിന്തിക്കാൻ തുടങ്ങിയതുപോലെ ഈ ഭൂലോകം മൂരികളുടെ സ്വർഗ്ഗമായി മാറുന്നപക്ഷം വളരെവേഗം നശിച്ചുപോകും.

أولئك كالأنعام بل هم أضل

(സാരം:– ഹൃദയംകൊണ്ട് മനസ്സിലാക്കാത്തവരും കണ്ണു തുറന്നു നോക്കാത്തവരും ചെവികൊടുത്തു ചിന്തിക്കാത്തവരുമായ അവർ മൃഗങ്ങളെപ്പോലെയാകുന്നു. മാത്രമല്ല, മൃഗങ്ങളെക്കാൾ വഴികെട്ടവരും കഷ്ടപ്പെട്ടവരും നഷ്ടപ്പെട്ടവരുമാകുന്നു) എന്നു അല്ലാഹു പറയുന്നു.

ഇവിടെ സാധാരണ ഉന്നയിക്കപ്പെടാറുള്ള ഒരു ചോദ്യമുണ്ട്. ഞാൻ നരകത്തിലേക്കാണെന്നു അല്ലാഹു വിധിച്ചിട്ടുണ്ടെങ്കിൽപിന്നെ മതത്തിന്റെ പേരിൽ ഈ ബുദ്ധിമുട്ടുകളെല്ലാം ഞാൻ അനുഭവിക്കുന്നതെന്തിന്നു എന്ന്. മറുപടി:– ഓരോ വ്യക്തിയെ സംബന്ധിച്ചും നരകത്തിലേക്ക്; അല്ലെങ്കിൽ സ്വർഗ്ഗത്തിലേക്ക് എന്നുള്ള വിധി തീർച്ചയായും അല്ലാഹു എഴുതിയിട്ടുണ്ട്. പക്ഷെ അതറിയുവാൻ യാതൊരാൾക്കും നിവൃത്തിയില്ല. ഓരോ ആളും അവരവരുടെ ആശയും ആവശ്യവും അനുസരിച്ച് പ്രവൃത്തിച്ചുകൊള്ളണം. ഞാൻ സ്വർഗ്ഗത്തിലേക്കാണെന്ന് അറിഞ്ഞിരുന്നുവെങ്കിൽ പടച്ചവന്റെ വിധിയല്ലെ; ഏതായാലും അതു നടപ്പിൽവരുമല്ലൊ എന്നു വിചാരിച്ച് വെറുതെ ഇരിക്കാമായിരുന്നു. നരകത്തിലേക്കാണ് എന്നു അറിഞ്ഞിരുന്നുവെങ്കിൽ, ഞാൻ അദ്ധ്വാനിച്ചിട്ട് കാര്യമില്ലല്ലോ എന്നു വിചാരിച്ച് വെറുതെ ഇരിക്കാമായിരുന്നു. അഥവാ യഥേഷ്ടം ജീവിക്കാമായിരുന്നു. ഇതൊന്നും അറിയാൻ യാതൊരു മാർഗ്ഗവുമില്ല. അതുകൊണ്ട് കഴിയുന്നേടത്തോളം വേണ്ടതു ചെയ്യുക തന്നെ.

ഇനി ഒന്നുള്ളത് നമ്മൾ ഇത്രയൊക്കെ അദ്ധ്വാനിച്ചിട്ടും ആശിച്ചതിന്നെതിരായി അല്ലാഹു വിധി നടത്തുകയാണെങ്കിലോ എന്നാണ്. ഇതിന്നുള്ള മറുപടി: ഇങ്ങിനെ ഓരോന്നു സങ്കൽപിച്ച് ചോദ്യംചെയ്യേണ്ട ആവശ്യമില്ല. അങ്ങിനെ നടത്തുകയാണെങ്കിൽ അപ്പോൾ ചോദിച്ചാൽ മതിയല്ലോ.

(ശേഷം 19ാം പേജിൽ)

നബിചര്യയിലൂടെ

# വേറെ ചില കുളികൾ

സി. എ. മുഹമ്മദ് മൗലവി

വലിയ അശുദ്ധി ഉണ്ടായാലുള്ള കുളികളാണല്ലോ ഇതുവരെയും വിവരിച്ചത്. (ശറഅ് شرع ആവശ്യപ്പെടുന്ന വേറെയും ചില കുളികളുണ്ട്. അതിലൊന്നാണ് شهيد (രക്തസാക്ഷി) ആയിട്ടല്ലാതെ മരിച്ചാലുള്ള കുളി. ഇതു കുളിക്കലല്ല; കുളിപ്പിക്കലാണ്. ഇതിനെസംബന്ധിച്ചുള്ള വിവരം 'ജനാഇസിന്റെ' അദ്ധ്യായത്തിൽ വരും. انشاالله

2. جمعة യുടെ കുളി. ഇതിനെസംബന്ധിച്ചുള്ള തെളിവുകൾ പരിശോധിച്ചാൽ ഇതു് നിർബ്ബന്ധമാണെന്ന് കാണാവുന്നതാണ്. ഒരു ഹദീസ് കാണുക:–

عن ابن عمر رضى الله عنهما قال قال رسول الله صلعم إذا جاء أحدكم إلى الجمعة فليغتسل رواه الجماعة ولمسلم إذا أراد أحدكم أن يأتي الجمعة فليغتسل

(ഇബ്നു ഉമർ(റ) പറയുകയാണ്. റസൂൽ തിരുമേനി അരുളിച്ചെയ്തിരിക്കുന്നു, "നിങ്ങളിലൊരാൾ ജുമുഅക്ക് വന്നാൽ കുളിക്കണം." ഇത് جماعة (ഏഴാളും) രേഖപ്പെടുത്തിയിരിക്കുന്നു. മുസ്ലിം രേഖപ്പെടുത്തിയ മറ്റൊരു നിവേദനത്തിൽ 'നിങ്ങളിലൊരാൾ ജുമുഅക്കു വരുവാനുദ്ദേശിച്ചാൽ കുളിക്കണം' എന്നാണ്. ആദ്യത്തെ നിവേദനംകൊണ്ടുള്ള ഉദ്ദേശവും ഇതുതന്നെയാണെന്ന് ഇതിൽനിന്നു ഗ്രഹിക്കാം. "കുളിക്കണ"മെന്ന് കല്പിച്ചുകൊണ്ടുള്ള ഈ ഹദീസ് ഏറ്റവും ബലപ്പെട്ടതാണ്. ഇതിന്റെ, ഇബ്നുഉമറിൽനിന്നുള്ള നിവേദകനായ നാഫിഇൽനിന്ന് നിവേദനംചെയ്തവരെ ഇബ്നുഹജർ എണ്ണിനോക്കിയപ്പോൾ മുന്നൂറിന്നുമീതെവരുമെന്ന് കണ്ടിരിക്കുന്നു. ഇബ്നുഉമറിന്ന് പുറമെ നബിയിൽനിന്ന് നിവേദനംചെയ്ത സഹാബികൾ ഇരുപത്തിനാലുണ്ടെന്നും അദ്ദേഹം കണ്ടിരിക്കുന്നു.

ഈ കൽപനാ രൂപത്തിലുള്ള ഹദീസിന്ന് പുറമെ ഈ കുളി

واجب(നിർബ്ബന്ധം)ആണ്; حق (കടമ)യാണ്. എന്നിങ്ങിനെ പറഞ്ഞുകൊണ്ടുള്ള ഹദീസുകളും സഹീഹായി വന്നിട്ടുണ്ട്. മറ്റൊരു സഹീഹായ ഹദീസിൽ ഉമർ(റ) ഖുത്തുബ ചെയ്തു കൊണ്ടിരിക്കുമ്പോൾ

اَلْمُهَاجِرُوْنَ الْاَوَّلُوْنَ

യിൽപെട്ട ഒരാൾ (അത് ഉസ്മാൻ(റ) ആയിരുന്നുവെന്ന് മുസ്ലിമും മറ്റും വ്യക്തമായി പറഞ്ഞിട്ടുണ്ട്.) കടന്നുവന്നു. അപ്പോൾ ഉമർ(റ) "ഇത് ഏതു സമയമാണെന്ന്" വിളിച്ചുചോദിച്ചു. "ഞാനൊരു പണിയിലായിപ്പോയി, അങ്ങിനെ വീട്ടിലേക്ക് മടങ്ങിയെത്തിയപ്പോഴേക്ക് ബാങ്ക് കേട്ടു. അതിനാൽ വുദുചെയ്യുന്നതിലേറെ ഒന്നും ചെയ്തില്ല" എന്നദ്ദേഹം മറുപടി പറഞ്ഞു. "റസൂൽ തിരുമേനി കുളിക്കണമെന്നു കല്പിച്ചിരുന്നത് നിങ്ങൾ അറിഞ്ഞിരിക്കെ വുദുചെയ്യുകയുമോ" (അതായത് പള്ളിയിൽ വരുവാൻ ഇത്ര താമസിച്ചു എന്നതിനു പുറമെ കുളിക്കാതെ വുദുകൊണ്ട് മതിയാക്കി എന്നൊരു തെറ്റുംകൂടിയോ) എന്നദ്ദേഹം (ഉമർ[റ]) ചോദിച്ചു, എന്നുമുണ്ട്.

ഈ ഹദീസിൽ 'കല്പിച്ചു' എന്ന വാക്കുള്ളതിനു പുറമെ അതിപ്രധാനികളായ സഹാബികളിൽ ഒരാളെ ആ മഹാ സദസ്സിൽവെച്ചു ആക്ഷേപിക്കുകയും സദസ്യരായ സഹാബികളെല്ലാം മൗനം വഴി ആ ആക്ഷേപം ശരിവെക്കുകയും ചെയ്തതും കുളിക്കണമെന്ന കല്പന നിർബ്ബന്ധത്തിന്റേതാണെന്നു കാണിക്കുന്നു.

ഉസ്മാൻ(റ) ആണെങ്കിൽ, ഫത്ഹുൽബാരിയിൽ പറഞ്ഞപോലെ രാവിലെ കുളിച്ചിട്ടുണ്ടായിരിക്കാനിടയുണ്ട്. കാരണം ദേഹത്തിൽ വെള്ളമൊഴിക്കാതെ ഒരു ദിവസവും അദ്ദേഹത്തിനു (ഉസ്മാനു) കഴിയാറില്ലെന്ന് അദ്ദേഹത്തിന്റെ മൗലയായ ഹംറാൻ പറഞ്ഞതായി സഹീഹ് മുസ്ലിമിലുണ്ട്. ആ സംഗതി ഉമർ(റ) ആക്ഷേപിച്ചപ്പോൾ പറയാതിരുന്നത് പള്ളിയിലേക്കു പുറപ്പെടുന്നതിനോട് തൊട്ടുകൊണ്ടല്ല ആ കുളിയുണ്ടായത് എന്നതുകൊണ്ടായിരിക്കാം.

ജുമുഅക്ക് പോകാനുദ്ദേശിക്കുമ്പോൾ കുളിക്കണമെന്നാണ് മുകളിൽപറഞ്ഞ ഹദീസ് കാണിക്കുന്നത്. അതിനാൽ പോകുന്നതിന്റെ തൊട്ടടുത്തുതന്നെ കുളിക്കണമെന്നാണ് ചിലർ പറയുന്നത്. ഇമാം മാലിക്ക് അക്കൂട്ടത്തിലാണ്. അവരിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായം ജുമുഅക്കുമുമ്പായാൽ മതി, തൊട്ടടുത്താകുന്നത് മുസ്തഹബ്ബാണ് (സുന്നത്ത്) എന്നാകുന്നു. വെള്ളിയാഴ്ച കുളിക്കൽ എന്നുമൊത്തത്തിൽ പറഞ്ഞ ഹദീസുകളുണ്ടെന്നുള്ളതിനെ ആസ്പദമാക്കിയാണ് അവരങ്ങിനെ പറയുന്നത്. പരിമിതിയില്ലാതെ പറഞ്ഞതിനെ مطلق പരിമിതപ്പെടുത്തിപ്പറഞ്ഞതിന്മേൽ مقيد ചുമത്തണമെന്നാണ് നിയമം. ആകയാൽ ഇമാം മാലിക്കിന്റെയും മറ്റും അഭിപ്രായത്തിന്നാണ് അധികം ബലമുള്ള



ത്. മൂന്നാമതൊരഭിപ്രായമുള്ളത് വെള്ളിയാഴ്ച സൂര്യാസ്തമനത്തിനു മുമ്പ് എപ്പോൾ കുളിച്ചാലും മതി എന്നാണ്. ഇതിനെക്കുറിച്ച് ابن دقيق العيد പറഞ്ഞിട്ടുള്ളത് അതൊരു സ്വീകാര്യമല്ലാത്ത (ബാത്തിൽ) എന്നു പറയത്തക്ക അഭിപ്രായമാണെന്നാണ്. കാരണം ഒരു സദസ്സിലേക്ക് വരുമ്പോൾ ദുർഗ്ഗന്ധങ്ങളും മറ്റും നീക്കുകയെന്നുള്ളതാണ് ഈ കുളികൊണ്ടുള്ള ഉദ്ദേശം. ജുമുഅക്കുശേഷം കുളിച്ചാൽ ആ ഉദ്ദേശം നിറവേറുകയില്ലല്ലോ.

ഈ കുളി നിർബ്ബന്ധമില്ലെന്നു പറയുന്നവരുടെ തെളിവുകളിൽ ഏററവും മെച്ചപ്പെട്ടതു്

مَنْ تَوَضَّأَ يَوْمَ الْجُمُعَةِ فَبِهَا وَنِعْمَتْ وَمَنِ اغْتَسَلَ فَالْغُسْلُ أَفْضَلُ

(വെള്ളിയാഴ്ച വല്ലവനും വുദു ചെയ്താൽ അതിനെ (ആ വിട്ടുതലിനെ) അവൻ കൈക്കൊണ്ടു. അതെത്ര നല്ല വിട്ടുതൽ! വല്ലവനും കുളിച്ചെങ്കിൽ ആ കുളി ഏററവും വിശിഷ്ടമാണ്) എന്നു നബി(സ) അരുളിച്ചെയ്തതായി സമുറത്തുബ്നു ജുന്ദുബ് (റ) നിവേദനംചെയ്തതും അഞ്ചാളും രേഖപ്പെടുത്തിയതുമായ ഹദീസാണ്. (അവരിൽ ابن ماجه രേഖപ്പെടുത്തിയിട്ടുള്ളത് جابر بن سمرة നിവേദനംചെയ്തതായിട്ടാണ്) ഈ ഹദീസിന്റെ سند (പരമ്പര) മററു ഹദീസുകളുടെ സനദ്കളോട് കിടപിടിക്കുന്നതല്ലെന്നും അങ്ങിനെയാണെങ്കിലേ ഇതിനോടൊപ്പിക്കുവാനായി അവയുടെ പ്രത്യക്ഷമായ അർത്ഥങ്ങളിൽനിന്ന് തെററിച്ച് വ്യാഖ്യാനിച്ചുകൂടു എന്നുമാണ് ابن دقيق العيد പറഞ്ഞിട്ടുള്ളത്. കൽപന നിർബ്ബന്ധത്തിന്റേതല്ല; واجب; حق എന്നൊക്കെ പറഞ്ഞതിന്ന് വേണ്ടപ്പെട്ട കാര്യം എന്നേ അർത്ഥമാക്കേണ്ടതുള്ളു എന്നെല്ലാമാണ് അവരുടെ വ്യാഖ്യാനം.

ജുമുഅയുടെ കുളി വാജിബ് ആണെന്നു പറഞ്ഞ ഹദീസിൽ അതിനോടൊപ്പം وَالسِّوَاكُ وَأَنْ يَمَسَّ مِنَ الطِّيبِ مَا يَقْدِرُ (മിസ്‌വാക്ക്ചെയ്യലും സുഗന്ധദ്രവ്യത്തിൽനിന്ന് സാധിക്കുന്നതു പൂശലും) എന്നു പറഞ്ഞിട്ടുള്ളതിനാൽ അവരണ്ടുംപോലെയാണ് കുളിയും എന്നുവരുന്നു; അവയാണെങ്കിൽ നിർബ്ബന്ധമല്ലെന്നു തെളിവുണ്ട്താനും. അപ്പോൾ കുളിയും നിർബ്ബന്ധമല്ലെന്നുവരും; എന്നൊരു ന്യായം പറയുന്നുണ്ട്. دلالة الاقتران എന്നാണ് അതിന്റെ പേർ. അതൊരു അശക്തമായ ന്യായമാണെന്നു സ്ഥാപിതമായിട്ടുണ്ട്. മേൽപറഞ്ഞ ബല

പ്പെട്ട തെളിവുകൾക്ക്മുമ്പിൽ പ്രത്യേകിച്ചും അതു് ബലഹീനമാണ്.

زاد المعاد ൽ ഇങ്ങിനെ പറയുന്നു:– വെള്ളിയാഴ്ച കുളിക്കണമെന്ന കൽപ്പന ഏററവും ബലപ്പെട്ടതാണ്. വിത്ർനമസ്കാരം വാജിബാണ്; നമസ്കാരത്തിൽ (ഫാത്തിഹായിൽ) ബിസ്മി ഓതൽ വാജിബാണ്; സ്ത്രീകളെ തൊട്ടാൽ വുസു വാജിബാണ്; ലിംഗം തൊട്ടാലും. നമസ്കാരത്തിൽ പൊട്ടിച്ചിരിച്ചാലും رعاف (മൂക്കിലൂടെ പുറപ്പെടുന്ന ചോര) പുറപ്പെട്ടാലും കൊമ്പ്വെപ്പിച്ചാലും ഛർദ്ദിച്ചാലും വുസുചെയ്യൽ വാജിബാണ് എന്നുള്ളവയെക്കാളൊക്കെ ബലപ്പെട്ട വുജൂബാണ് ഈ കുളിയുടേത്.

ഈ കുളി വാജിബാണെന്നുണ്ടെങ്കിലും ഇതു നമസ്കാരത്തിന്നു് ശർത്തല്ലെന്നും കുളിക്കാതിരുന്നാലും നമസ്കാരം സഹീഹാകുമെന്നുമുള്ളതിൽ പണ്ഡിതന്മാർക്ക് അഭിപ്രായവ്യത്യാസമില്ലെന്നു് خطابی യും മററും പറഞ്ഞിരിക്കുന്നു.

—o—


## വെല്ലുവിളിക്കുന്നു

മലയാള അച്ചടിയിൽ ഇത്ര ആദായകരമായ പുസ്തകം വേറെ ഇല്ല എന്നു ഞങ്ങൾ അഭിമാനത്തോടുകൂടി വെല്ലുവിളിക്കുന്നു.

**കസസുൽഅമ്പിയ 4 ഭാഗം ഒന്നായ ബൈണ്ട്**

ക്രൗൺ ¼ സൈസിൽ പേജ് 700–വില 7/50

[ ലോകോല്പത്തി മുതൽ റസൂൽ (സ) വരെയുള്ള നബിമാരുടെ ജീവചരിത്രങ്ങളും, അവരുടെ കാലത്തു നടന്ന യുദ്ധങ്ങളും കഥകളും വിശദീകരിച്ച് വിവരിക്കുന്ന ഒരു ഗ്രന്ഥം.]

പ്രസാധകർ:–

**സി. എച്ച്. മുഹമ്മദ് & സൺസ്,**

തിരൂരങ്ങാടി, കേരള. Phone: 3.


# വളർന്നുവരുന്ന തലമുറയുടെ മതബോധം

പി. മുഹമ്മദ് കുട്ടശ്ശേരി

ഈജിപ്തിൽ വെച്ചു ഒരു വർഷംമുമ്പ് വിവിധനാടുകളിലെ പ്രഗത്ഭ പണ്ഡിതന്മാരെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തിയ ലോകമുസ്ലിം പണ്ഡിത കോൺഫ്രൻസിൽ ഒരു പ്രധാന വിഷയമായിരുന്നു നമ്മുടെ യുവതലമുറയുടെ മതബോധം. വളരുന്ന തലമുറ സമുദായത്തിന്റെ ശക്തികേന്ദ്രവും ഭാവിയുടെ സ്വപ്നങ്ങളുമാണ്. മുസ്ലിംകൾക്കു അഭിമാനത്തിൻെറ കിരീടമണിഞ്ഞ ഒരു വർത്തമാനകാലവും നൂറുനൂറു പൂക്കൾവിരിഞ്ഞു ശോഭപരത്തുന്ന ശ്രേയസ്കരമായ ഒരു ഭാവിയും ആഗ്രഹിക്കുന്ന ആർക്കും വളരുന്ന തലമുറയെപ്പററി ഗൗരവപൂർവ്വം ചിന്തിക്കാതിരിക്കാൻ നിവൃത്തിയില്ല. എല്ലാവരും വിഭാവനം ചെയ്യുകയും ആഗ്രഹിക്കുകയും ചെയ്യുന്ന ആദർശസമുദായം നിലവിൽവരേണമെങ്കിൽ ഒരു പുതിയ തലമുറയെ വളരെ ചിട്ടയോടും സൂക്ഷ്മതയോടും കൂടി പടുത്തുയർത്തേണ്ടിയിരിക്കുന്നു. കമ്യൂണിസ്റ്റ് ചൈനയിൽ ശുദ്ധകമ്യൂണിസ്റ്റാദർശത്തിൽ അധിഷ്ഠിതമായ ഒരു ജനതയുടെ പിറവിക്കുവേണ്ടി ഗവൺമെണ്ട എത്ര കരുതലോടെയാണ് തലമുറയെ വളർത്തുന്നത്. യുവാക്കളുടെ തിങ്ങിവിങ്ങിനിൽക്കുന്ന ആവേശം ശരിയായ വഴിക്കു തിരിച്ചു. വിടാത്തപക്ഷം അതു പൊട്ടിയൊലിച്ച് ഏതെങ്കിലും ഭാഗത്തേക്കൊഴുകുക സ്വാഭാവികമാണ്.

യുവതലമുറയിൽ എന്തുകൊണ്ടു മതബോധം നഷ്ടപ്പെട്ടുവെന്നും അതുവളർത്താൻ എന്തുമാർഗ്ഗമെന്നും ചിന്തിക്കുന്നതിന്നുമുമ്പായി ഏതു പശ്ചാത്തലത്തിലാണ് അവർ വളരുകയും ജീവിക്കുകയും ചെയ്യുന്നതെന്നു പരിഗണിക്കേണ്ടതുണ്ട്. നാനാഭാഗത്തും അധാർമ്മികതയുടെ അഴുക്കുചാലിൽ കെട്ടികിടക്കുന്ന ദുർഗ്ഗന്ധം മൂക്കുനിറയെ ശ്വസിച്ചുകൊണ്ടാണ് ഇന്നു ഒരു കുഞ്ഞു് ഭൂമിയിലേക്കു പൊററു വീഴുന്നതുതന്നെ. മനുഷ്യരെ ഭൗതികത്വം ഇത്രമാത്രം സ്വാധീനിക്കുകയും അവരുടെ മനസ്സു ഇത്രയും കഠി

നമാംവിധം മലിനസമാറുകയും ചെയ്ത സന്ദർഭം ചരിത്രത്തിലുണ്ടോ എന്ന സംശയമാണ്. നീതിക്കും സത്യത്തിന്നും, സദാചാരത്തിന്നും ഒരു വിലയുമില്ല എവിടെയും. ഏതു ദുഷ്കാര്യത്തെയും എന്തെങ്കിലും പേരിൽ ന്യായീകരിക്കുക. സ്വാർത്ഥതയും, ദ്രവ്യമോഹവും, പണത്തിന്റെ പിറയും മനുഷ്യനെ അന്ധനാക്കി എന്തുംചെയ്യാൻ ധൈര്യപ്പെടുത്തുന്നു. ശുദ്ധവും, കളങ്കരഹിതവുമായ ഒരു രംഗവും, എവിടെയും കാണാനില്ല. "ഒരു നല്ല മനുഷ്യൻ" എന്നു വിളിക്കാൻ പറ്റിയ ഒററ വ്യക്തിയും സമൂഹത്തിലില്ല. രാഷ്ട്രനേതാക്കൾ, ഭരണാധിപന്മാർ, രാഷ്ട്രീയ പ്രവർത്തകർ, പണ്ഡിതന്മാർ, സാഹിത്യകാരന്മാർ, കലാകാരന്മാർ, വാണിജ്യ വ്യവസായ പ്രവർത്തകർ, തൊഴിലാളികൾ, വിദ്യാർത്ഥികൾ, അദ്ധ്യാപകന്മാർ തുടങ്ങി എല്ലാവരിലും ആധുനികയുഗത്തിന്റെ കൊള്ളരുതായ്മകൾ പടർന്നുപിടിച്ചിരിക്കുന്നു. പ്രസിദ്ധ സാഹിത്യകാരനായ ഉറൂബ് "സുന്ദരികളും സുന്ദരന്മാരും" എന്ന നോവലിൽ ഒരു രാജൻമാസ്റ്ററുടെ ഉപദേശം ഇങ്ങിനെ ചിത്രീകരിക്കുന്നു. "മാനവും മര്യാദയുമായി ജീവിക്കണമെന്നുവിചാരിക്കേണ്ട. പാപത്തെപ്പററിയും പുണ്യത്തെപ്പററിയും ഞാൻ നിങ്ങൾക്കു എമ്പാടും വിഡ്ഢിത്തം പറഞ്ഞുതന്നിട്ടുണ്ട്. അതൊക്കെ മറക്കണം. അതൊക്കെ നുണയാണ്. കക്കാം, ആരും കളവു കണ്ടുപിടിക്കാതിരിക്കാൻ സൂക്ഷിക്കണം. നുണ പറയാം, ആരും പൊളിയാതെന്നേയുള്ളു. നിനക്കു തോന്നിയതൊക്കെ ചെയ്യാം, പക്ഷെ, പിടികിട്ടരുത്. മനസ്സിലാകുന്നുണ്ടോ?" മാനസികമായി അധ:പതിച്ച ആധുനികമനുഷ്യൻ എത്തിച്ചേർന്ന അതിവഷളായ സ്ഥിതിവിശേഷമാണ് ഈ വിവരിച്ചിരിക്കുന്നതു.

എന്തുചെയ്താലും വേണ്ടില്ല. സുഖമായി ജീവിക്കണം. അതാണിന്നു മനുഷ്യന്റെ ഏകാഗ്രഹം.

എന്തുവന്നാലുമെനിക്കാ
 സ്വാദിക്കണം.
മുന്തിരിച്ചാറുപോലുള്ളൊ
 രീജീവിതം.

യഥേഷ്ടം ജീവിതത്തിന്റെ മുന്തിരിച്ചാറു മോന്തിക്കുടിക്കുന്നതിന്നു മതമോ, ദൈവമോ, സാമൂഹ്യനീതിയോ, രാജ്യനിയമമോ, ഒന്നുമുടക്കമാവാൻ പാടില്ല. ജീവിതമോ അതിന്റെ എല്ലാ ആടയാഭരണങ്ങളുമണിഞ്ഞു ആടിപ്പാടി എന്തും മധുരംവിതറി നിൽക്കുന്നു! മികച്ച സുഖസൗകര്യങ്ങൾ! എല്ലാം വേഗത്തിൽ കൈനീട്ടിപ്പിടിച്ചെടുക്കാവുന്നവയും! ഇവക്കിടയിൽ ഒരു സ്വപ്നാടകനെപ്പോലെ മനുഷ്യൻ നീങ്ങുകയും ചെയ്യുന്നു. ഇന്നു ലോകനേതൃത്വം അവകാശപ്പെടുകയും മനുഷ്യരുടെ ചിന്താഗതികളിലും ആശയാദർശങ്ങളിലും ഏററവുമധികം സ്വാധീനംചെലുത്തുകയും ചെയ്യുന്ന 'രാജ്യമായ അമേരിക്കയിൽ എന്തു നടക്കുന്നുവെന്നു നോക്കുക. "അമേരിക്കയിൽ ഓരോ ഇരുപതുമിനുട്ടിലും ഒരു



ബലാൽസംഗം നടക്കുന്നു. ഓരോ അഞ്ചുമിനുട്ടിലും ഒരു കവർച്ച. ഓരോ മൂന്നുമിനുട്ടിലും ഒരു സാരമായ അക്രമം. ഓരോമിനുട്ടിലും ഒരു കാർമോഷണം. ഓരോ ഇരുപതെട്ടു സെക്കന്റിലും ഒരു ഭവനഭേദനം" പ്രസിഡണ്ട് ജോൺസൺ കോൺഗ്രസ്സിന്നയച്ച ഒരു സന്ദേശത്തിലാണ് ഈ കണക്കുദ്ധരിച്ചിരിക്കുന്നതു്. വിവാഹത്തിന്നുമുമ്പുള്ള ലൈംഗിക വേഴ്ച നല്ലതാണെന്നു ബ്രിട്ടനിൽ പാതിരിമാർ 'ഫത്‌വാ' ഇറക്കുന്നതുവരെ സ്ഥിതിഗതികൾ വഷളായിരിക്കുന്നു.

ഇങ്ങിനെ കാണുന്നതും, കേൾക്കുന്നതും, തൊടുന്നതും അധാർമ്മികത്വം. വഞ്ചനനടത്തുന്ന അച്ഛൻ. ഏഷണിപറയുന്ന അമ്മ. ശീട്ടുകളിക്കുന്ന ചേട്ടന്മാർ. ഒളിച്ചോടുന്ന ചേട്ടത്തിമാർ. കള്ളുകുടിക്കുന്ന കൂട്ടുകാർ. ആത്മാർത്ഥതയില്ലാത്ത അദ്ധ്യാപകർ. സ്വാർത്ഥികളായ മതപണ്ഡിതന്മാർ. പലിശ വാങ്ങുന്ന മുതലാളിമാർ. അവസരസേവ നടത്തുന്ന രാഷ്ട്രീയക്കാർ. മായംചേർക്കുന്ന കച്ചവടക്കാർ. സമുദായത്തെ ശാപ്പിടുന്ന സേവകന്മാർ. നുണ പറയുന്ന പത്രങ്ങൾ. പ്രവൃത്തിയില്ലാത്ത പ്രാസംഗികന്മാർ-ഇവർക്കിടയിൽ വളരുന്ന തലമുറയുടെ സ്വഭാവം എങ്ങിനെയായിരിക്കുമെന്ന് ഊഹിക്കുകയാണ് ഭേദം. ഇതാ, ഒരു പുതിയ തലമുറ വളർന്നുവരുന്നു. അവർക്കു ആരെയും ഭയമില്ല. ഒന്നിനോടും ആദരവില്ല. നാം പരമ്പരാഗതമായി സൂക്ഷിച്ചുവരുന്ന എല്ലാ പാരമ്പര്യങ്ങളും തകർക്കുന്നു. നിഷിദ്ധങ്ങൾ അവർക്കേററവും പ്രിയമാണ്. മതത്തിന്റെ ചിന്തകളോടവർക്ക് പുച്ഛമാണ്. മതം പാലിക്കുന്നവരോടു അവർക്ക് അവജ്ഞയാണ്. സദാചാര ലംഘനം അവർക്കു പരിഷ്കാരമാണ്. അശ്ലീലം അവർക്കലങ്കാരമാണ്. നീചതകൾ പരസ്യമായി ചെയ്യൽ അവർക്കഭിമാനമാണ്. ജീവിതത്തിൽ അവർക്കു ഉന്നതമായ ഒരു ലക്ഷ്യവുമില്ല-സുഖമായി ജീവിക്കണമെന്നൊഴിച്ച്. പ്രാർത്ഥനയില്ല. നോമ്പില്ല. ഭക്തിയില്ല. വിനയമില്ല. ഈ സ്ഥിതിവിശേഷം വളരെ തെളിഞ്ഞ ഒരു യാഥാർത്ഥ്യമല്ലേ? നിഷേധിക്കാനൊക്കുമോ? സംശയമുണ്ടെങ്കിൽ നമ്മുടെ വളർന്നുവരുന്ന വിദ്യാർത്ഥി വിഭാഗത്തിന്റെ ചലനങ്ങളും ഹൃദയത്തുടിപ്പുകളുമൊന്നു പരിശോധിച്ചു നോക്കു! മാരകമായ വിസ്ഫോടനം സൃഷ്ടിച്ചുകൊണ്ട് അവർ മുന്നേറുകയാണ്. അതിനിടയിൽ എന്തെല്ലാം കരിഞ്ഞു ചാമ്പലാകുന്നു! തകർന്നു നശിക്കുന്നു!

ഇവിടെ ധാരമുറിയാത്ത മതപ്രസംഗങ്ങൾ നടത്തുന്നു. ഗംഭീരയോഗങ്ങൾ സംഘടിപ്പിക്കപ്പെടുന്നു. സെമിനാറുകളും കേമ്പുകളും രൂപീകരിക്കുന്നു. വിദ്യാഭ്യാസ സംഘടനകളും സ്കോളർഷിപ്പ് പദ്ധതികളും സ്ഥാപിക്കുന്നു. വിവിധ മതസംഘടനകൾ ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തുന്നു. എവിടെയും മതത്തിന്റെ അന്തരീക്ഷം. മതത്തെപ്പററിയുള്ള സംസാരവും ചർച്ചകളും. നാട്ടിലെ

മദ്രസകൾ. അറബിക്കോളജുകൾ. മനോഹരമായ പള്ളികൾ. ഇതൊക്കെ കാണുമ്പോൾ കേരളത്തിൽ മുസ്ലിംകളുടെ മതബോധം ശക്തിപ്പെട്ടുവെന്നും ആത്മീയ പ്രകാശം ഉയർന്നുകഴിഞ്ഞുവെന്നും നാം ധരിച്ചുപോകുന്നു. എന്നാൽ ആത്മചൈതന്യത്തെ വിളിച്ചുണർത്താൻ ഇവക്കൊന്നും കഴിഞ്ഞിട്ടില്ല. പള്ളികൾ ധാരാളമുണ്ട്; പക്ഷെ നമസ്കരിക്കുന്നവരുടെ എണ്ണമോ? ഞാൻ വളരെ പതുക്കെ പറയട്ടെ, സമുദായപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന അധികപേരുടെയും സ്വകാര്യജീവിതം ശുദ്ധമാണോ? പുറത്തെ മോടി ഉള്ളിലില്ല. വൻകിട പണ്ഡിതന്മാരിൽപോലും. ഈ രഹസ്യം അങ്ങാടിപ്പാട്ടാവുകയും ചെയ്തിരിക്കുന്നു!

ഈ സാഹചര്യത്തിൽ വളരുന്ന തലമുറക്ക് മതബോധമില്ലെങ്കിൽ അത് സ്വാഭാവികം മാത്രമാണ്. എന്നാൽ മതത്തിന്നു പ്രതികൂലമായ മററു ചില പ്രേരണകൾകൂടി പ്രവർത്തിക്കുന്നുണ്ടെന്നതാണ് പരമാർത്ഥം. ചെറുപ്പത്തിൽ വേണ്ടവിധമുള്ള മതവിദ്യാഭ്യാസവും അനുഷ്ഠാന പരിശീലനങ്ങളും ലഭിച്ചിരുന്നുവെങ്കിൽ അവ വിട്ടുമാറാത്ത സ്വഭാവമായി പലരിലും നില്ക്കും. കരുന്നു ഹൃദയങ്ങളിൽ വേരുറച്ച വിശ്വാസങ്ങൾക്ക് ജീവിതത്തിലുടനീളം പ്രതികരണമുണ്ടാകും. ആദ്യത്തെ വിദ്യാലയമായ മാതാവ് അത്യാവശ്യം മതവിജ്ഞാനവും ആധുനിക വിദ്യാഭ്യാസവും നേടിയാൽ മാത്രമേ ഇതു പ്രായോഗികമാവുകയുള്ളൂ. പ്രസിദ്ധ കവിയായ ഹാഫിസ് ഇബ്രാഹിം പാടി: "മാതാവ് ഒരു വിദ്യാലയമാണ്. അതു തയ്യാറാക്കുന്നതിന്നർത്ഥം നല്ല വേരുകളുള്ള ഒരു ജനസമുദായത്തെ തയ്യാറാക്കിയെന്നാണ്." വീട്ടിൽ മതപരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുകയും കുഞ്ഞുങ്ങളെ വളരെ കൃത്യമായി മതവിദ്യാലയങ്ങളിലേക്കയക്കുകയും ചെയ്താൽ നാം ഭയപ്പെടുന്നതു കുറെയൊക്കെ അകററുവാൻ കഴിയും.

അന്ധവിശ്വാസങ്ങളെക്കൊണ്ടും യുക്തിഹീനങ്ങളായ തത്വങ്ങളെക്കൊണ്ടും വികൃതമായ ചിത്രം മതത്തിന്റെ പേരിൽ അവതരിപ്പിക്കപ്പെടുന്നതു് എത്രയാണ് യുവതലമുറയെ അതിൽനിന്നു പിന്തിരിയാൻ പ്രേരിപ്പിക്കുന്നത്? ആധുനിക ലോകത്തിന്റെ മനോഹരവും, മധുരതരവും, ആശ്ചര്യകരവുമായ സവിശേഷതകളുമായി ഈ ചിത്രം യോജിക്കാതിരിക്കുന്നതിനാൽ, മതം കാലത്തിനു കൊള്ളാത്തതും സുഖാനുഭൂതികളാസ്വദിക്കാൻ അനുവദിക്കാത്തതുമായ ഒരു പഴഞ്ചൻ തത്വമാണെന്നും ബുദ്ധിമുട്ടുണ്ടാക്കുന്ന ശല്യമാണെന്നുമുള്ള ബോധം യുവാക്കളിൽ വേരുറക്കുന്നു. ഇതിന്നു മററാരെക്കാളും ഉത്തരവാദിത്തം മതപണ്ഡിതന്മാർക്കാണെന്നതിൽ സംശയമില്ല. മതത്തിന്റെ ആകർഷകവും ലളിതവുമായ വശങ്ങൾ അധികമൊന്നും യുവാക്കളെ അവർ പരിചയപ്പെടുത്തിയിട്ടില്ല. നിസ്സാര വിഷയങ്ങൾ പർവ്വതീകരിച്ച് പൊതുജന മദ്ധ്യത്തിൽവെച്ചു തർക്കിക്കുമ്പോഴും, ഇല്ലാത്ത പുതിയ പ്രശ്നങ്ങൾ പൊക്കിപ്പിടിച്ച് വാഗ്വാദങ്ങൾ നടത്തുമ്പോഴും മതത്തിന്റെ പ്രധാന വിഷയങ്ങൾ ഇതാണെന്നു യുവതലമുറ ധരിക്കുന്നുവെങ്കിൽ അവർ അതിൽ നിരപരാധികളാണ്. എന്നാൽ ഇതിനേക്കാൾ ശക്തമായ മറെറാരപകടം ഇന്ന് തലപൊക്കുന്നുണ്ട്. മതത്തെ ആധുനികമായും ഭൗതികമായും വ്യാഖ്യാനിക്കുന്നതിൽ അതിർകടന്നതുമൂലം അതിന്റെ ആത്മീയ വശവും ഭക്തിബഹുമാനവും നഷ്ടപ്പെടുകയാണ്. ഫലമോ, നമസ്കാരത്തെപ്പററി ദീർഘനേരം ചർച്ചനടത്താൻ കഴിവുണ്ട്. പക്ഷെ നമസ്കരിക്കണമെന്ന വിചാരമില്ല.

ആധുനിക കലകൾ മതത്തിന്നെതിരായ ഏററവും വലിയ ഭീഷണിയായി മാറിയിരിക്കുന്നു. മതവിശ്വാസികളെപ്പോലും അതു് വഴിതെററിക്കുന്നുവെങ്കിൽ മറ്റുള്ളവരുടെ കഥ പറയാനില്ല. കലകൾക്കു ആത്മാവിഷ്കരണമെന്ന് നല്ല പേർ വിളിച്ചാലും മിക്ക കലകളിലും ശക്തിയായി മുഴച്ചുനില്ക്കുന്ന ഭാവം ലൈംഗികത്വമാണെന്ന് ആരും സമ്മതിക്കും. എല്ലാ നാട്ടിലും സർവ്വത്ര പ്രചരിച്ചതും, ഭക്ഷണവും വായുവുംപോലെ അധിക ജനങ്ങളുടെയും ഒരാവശ്യവുമായി മാറിയ കലയാണല്ലോ സിനിമ. വിനോദത്തോടൊപ്പം വിജ്ഞാനവും പകരുന്ന ഈ കലയുടെ നല്ല വശങ്ങൾ മാത്രമേ ജനങ്ങൾ കാണുന്നുള്ളൂ. എന്നാൽ അവക്കപ്പുറം മാരകമായ ചില വിപത്തുകളും അതുൾക്കൊള്ളുന്നുണ്ട്. 'പിശാചിന്റെ വിദ്യാലയം' مدرسة الشيطان എന്ന് സിനിമയെ ചിലർ വിശേഷിപ്പിക്കുന്നതു് അതുകൊണ്ടത്രെ. മനുഷ്യനിൽ സദാചാര ബോധമോ ധാർമ്മികത്വമോ വളർത്തുകയല്ല അതു ചെയ്യുന്നത്. മറിച്ചു അവനിലുറങ്ങിക്കിടക്കുന്ന മൃഗീയ വികാരങ്ങളെ വിളിച്ചുണർത്തുകയാണ്. സിനിമയിൽ ആവിഷ്കരിക്കപ്പെടുന്ന ജീവിതം ഏററവും ഉൽകൃഷ്ടവും സുഖപ്രദവുമാണെന്ന ധാരണ യുവാക്കളായ പ്രേക്ഷകരിൽ ദൃഢമൂലമാകുന്നു. സിനിമാനടന്മാരെ അനുകരിക്കാൻ ഇന്ന് യുവാക്കൾ തിടുക്കംകൂട്ടുവാനുള്ള കാരണം അതാണ്. ഈ വിപത്തിനെക്കുറിച്ച് നാം ഗൗരവപൂർവ്വം താക്കീതു നല്കേണ്ടതുണ്ട്. അതോടെ കലാസ്വാദന തൃഷ്ണയെ തൃപ്തിപ്പെടുത്താൻ മുസ്ലിംകൾ എന്തെങ്കിലും സ്വന്തം പരിപാടികൾ ആവിഷ്കരിക്കേണ്ടതും ആവശ്യമാണ്. വൃത്തികെട്ട കലാപരിപാടികൾ നടത്തി സമുദായത്തിനു പണം ശേഖരിക്കാൻ ഒരു പുതിയ സമ്പ്രദായം ഇയ്യിടെയായി ആരംഭിച്ചിട്ടുണ്ടല്ലോ? ജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കള്ളുവിററു പണമുണ്ടാക്കുന്നതിൽ നിന്നു ഒട്ടും വ്യത്യസ്തമല്ല ഇത്. യുവാക്കളുടെ മതബോധം കെടുത്താൻ ഇതു് എത്രമാത്രം സഹായകമാണെന്നു ഇത്തരക്കാരെ മനസ്സിലാക്കേണ്ട ബാ

ദ്ധ്യത പണ്ഡിതന്മാർക്കുണ്ട്.

അശ്ലീലസാഹിത്യങ്ങളും, ജീവിതത്തെ നഗ്നമായി പ്രദർശിപ്പിക്കുകയാണെന്ന പേരിൽ പുറത്തിറങ്ങുന്ന ചെറുകഥ-നോവലുകളും യുവമനസ്സുകളെ ശക്തിയായി ആകർഷിച്ച് അവരിൽ അധാർമ്മികത്വത്തിന്റെ വിത്ത് മുളപ്പിക്കുകയാണ്. ദുഷിച്ച വശങ്ങൾ ആകർഷിക്കുക മനുഷ്യന്റെ സഹജസ്വഭാവമായതിനാൽ, സിനിമയെപ്പോലെ ഇവയും അവരുടെ വിചാരങ്ങളെ തെറ്റായ വഴിക്കു തിരിച്ചുവിട്ട് മതത്തിൽനിന്ന് വ്യതിചലിപ്പിക്കുന്നു. മലയാളത്തിലെ ഇസ്ലാമിക് സാഹിത്യശാഖ വളരെ ശുഷ്കിച്ചതാണെന്നു ഈ അവസരത്തിൽ വേദനയോടെ പറയേണ്ടിയിരിക്കുന്നു. യുവജനങ്ങളെ ആകർഷിക്കുംവിധം ആധുനിക ശൈലിയിൽ എഴുതപ്പെട്ട മലയാളത്തിലെ ഇസ്ലാമിക ഗ്രന്ഥങ്ങളുടെ അഭാവം നമുക്ക് ഒരു വലിയ നഷ്ടമാണ്. മതപരമായ കാഴ്ചപ്പാടിൽ മനോഹരമായി കഥകളെഴുതുന്നവരും മുസ്ലിം സാഹിത്യകാരന്മാരിലില്ല. എഴുത്തുകാരെ പ്രോത്സാഹിപ്പിച്ച് ഈ കുറവ് പരിഹരിക്കുന്നതോടൊപ്പം മതസാഹിത്യങ്ങൾ വായിക്കാൻ യുവജനങ്ങളിൽ ഔത്സുക്യം വളർത്തുന്നതിന്ന് നാം എന്തെങ്കിലും മാർഗ്ഗം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

അറിവില്ലായ്മകൊണ്ട് മതബോധം വളരാത്തവരാണ് നമ്മുടെ യുവതലമുറയിൽ ഒരു വലിയ വിഭാഗം. വിദ്യാർത്ഥികളിൽ വിശേഷിച്ചും. സാധാരണ നടക്കുന്ന മതപ്രസംഗങ്ങളിലോ, സ്റ്റഡിക്ലാസുകളിലോ, സമ്മേളനങ്ങളിലോ ഒന്നും അവർ പങ്കെടുക്കാറില്ല. മതത്തിന്റെ സന്ദേശംതന്നെ അവർക്കെത്തിയിട്ടില്ലെന്നുവേണം കരുതാൻ. വിദ്യാർത്ഥികളെയും യുവജനങ്ങളെയും പങ്കെടുപ്പിച്ച പ്രത്യേക മതപ്രസംഗങ്ങളും ക്ലാസുകളും നടത്താൻ ശ്രമിക്കേണ്ടതാണ്. ആധുനിക വിദ്യാഭ്യാസം നേടുന്നവർക്ക് മതപഠനം നൽകുവാനും സൌകര്യം ഏർപ്പെടുത്തണം.

കമ്യൂണിസത്തിന്റെ ഇരമ്പിയേറ്റമാണ് യുവതലമുറയുടെ മതബോധത്തിനെതിരിൽ ഇന്നു സായുധാക്രമണം നടത്തുന്ന നിഷ്ഠുരായ ശക്തി. ജനങ്ങൾക്കു ക്ഷേമ ഭരണത്തിന്നും അവശത അനുഭവിക്കുന്നവരുടെ കഷ്ടപരിഹാരത്തിന്നും ആത്മാർത്ഥമായി ശ്രമംനടത്തുന്ന ഒരു 'രാഷ്ട്രീയപാർട്ടി' എന്ന നിലക്ക് കമ്യൂണിസ്റ്റുകാരുമായി സഹകരിക്കുന്നവരുണ്ട്. എന്നാൽ 'രാഷ്ട്രീയ കമ്യൂണിസ'ത്തിന്നു പുറത്തുള്ള, നിർമ്മതത്വത്തിലും നിരീശ്വരത്വത്തിലും അധിഷ്ഠിതമായ 'ആദർശ കമ്യൂണിസം' വളരെയേറെ യുവഹൃദയങ്ങളെ ശക്തിയായി സ്വാധീനിച്ചിട്ടുണ്ടെന്നതു ഒരു പരമാർത്ഥം മാത്രമാണ്. മതാനുയായികൾക്ക് കമ്യൂണിസ്റ്റാശയക്കാരുമായി ഒരു പരിതസ്ഥിതിയിൽ രാഷ്ട്രീയ കൂട്ടുകെട്ട് നടത്താമെന്ന് അംഗീകരിച്ചാൽതന്നെയും മതവും കമ്യൂണിസ്റ്റാദർശവും തമ്മിൽ ഒരിക്കലും പൊരുത്തപ്പെടാത്ത രണ്ടു ശത്രുക്കളാണെന്നതിൽ തർക്കമില്ല.



കേരളത്തിലെ ഇന്നത്തെ പ്രത്യേക രാഷ്ട്രീയ പശ്ചാത്തലത്തിൽ ഈശ്വരവിശ്വാസത്തെയും മതത്തിന്റെ ആവശ്യകതയെയും പററി കൂടുതൽ ഊർജ്ജിതമായ പ്രബോധനം നടത്തേണ്ടതു് അടിയന്തരമാണെങ്കിലും അതിന്നു അധികമാരും മുതിർന്നുകാണുന്നില്ല. കമ്യൂണിസ്റ്റുകാർ നാടിന്നോ ജനങ്ങൾക്കോ ചെയ്യുന്ന നല്ല കാര്യങ്ങളോടല്ല തങ്ങളുടെ എതിർപ്പെന്നും അതിൽ തങ്ങളും അവരോടു സഹകരിക്കുന്നുവെന്നും എന്നാൽ അവരുടെ മതവിരുദ്ധ നിലപാടിനോടാണ് തങ്ങളുടെ കടുത്ത വിരോധമെന്നും ദൈവത്തിലും, ആത്മാവിലും, പരലോക ജീവിതത്തിലും വിശ്വസിക്കാത്ത മനുഷ്യരെ ഇസ്ലാമിന്നു ഒരിക്കലും അംഗീകരിക്കാൻ നിവൃത്തിയില്ലെന്നും നാം യുവതലമുറയെ ശരിക്കും ബോദ്ധ്യപ്പെടുത്തേണ്ടിയിരിക്കുന്നു.

ഇന്നു പല യുവജന സംഘടനകളും വിദ്യാർത്ഥിസമിതികളും പ്രവർത്തിക്കുന്നുണ്ട്. അവയൊക്കെ വിവിധ ലക്ഷ്യങ്ങൾക്കുവേണ്ടി വിവിധ മാർഗ്ഗങ്ങൾ അവലംബിച്ചു നിലകൊള്ളുന്നവയാണ്. എന്നാൽ കേരളത്തിലെ എല്ലാ മതസംഘടനകളും എല്ലാ രാഷ്ട്രീയ പാർട്ടികളിലെയും മുസ്ലിംകളും അംഗീകരിക്കുന്ന ഒരു പുതിയ യുവജനസമിതി രൂപംകൊള്ളേണ്ടിയിരിക്കുന്നു. വ്യക്തിജീവിതത്തിൽ മതത്തിന്റെ അനുഷ്ഠാനങ്ങൾ മുറുകെ പിടിക്കുകയും, പരസ്യമായ തെറ്റുകളിൽനിന്നു വിരമിക്കുകയും, കഴിയുംവിധം ജനസേവനം നടത്തുകയും ചെയ്യുക എന്ന ലക്ഷ്യംമാത്രം ഉന്നംവെക്കുന്ന സംഘടന. ഇതിന്നു 4ണ മെമ്പർഷിപ്പോ. പ്രമേയം പാസ്സാക്കേണ്ട ചുമതലയോ, മെമ്മോറാണ്ടങ്ങൾ സമർപ്പിക്കേണ്ട ബാദ്ധ്യതയോ ഒന്നുമില്ല. സംഘത്തിന്റെ നിയമം അനുസരിച്ചു ജീവിക്കാമെന്ന ആത്മാർത്ഥമായ പ്രതിജ്ഞ മാത്രമാണ് മെമ്പറാകാനുള്ള അർഹത. ഇതിന്റെ ആദർശങ്ങൾ വിവരിച്ചുകൊടുക്കുവാൻ പൊതുസമ്മേളനങ്ങൾ ചേരാമെങ്കിലും വ്യക്തിപരമായ പ്രബോധനത്തിലൂടെയാവണം ആദർശപ്രചരണം പ്രധാനമായും. ആത്മാർത്ഥതയുള്ള മതപണ്ഡിതന്മാരും, ഇസ്ലാമിക ജീവിതം നയിക്കുന്ന അംഗീകരിക്കപ്പെട്ട അഭ്യസ്തവിദ്യരും സംഘത്തിന്റെ നേതൃത്വം വഹിക്കണം. ഓരോ പ്രദേശത്തെയും ഓർഗനൈസർമാരായി ജനസമ്മതി നേടിയ വ്യക്തികളെ തിരഞ്ഞെടുക്കണം. വിദ്യാർത്ഥിഗ്രൂപ്പിനെ പ്രത്യേകമായും വേർതിരിക്കുന്നതു പ്രവർത്തനത്തിന്നു കൂടുതൽ സൌകര്യമായിരിക്കും. ഇഖ്‌വാനുൽമുസ്ലിമിന്റെ പ്രബോധനരീതിയുടെ നിഴൽ ഇതിൽ കണ്ടേക്കാമെങ്കിലും ഒരിക്കലും രാഷ്ട്രീയമായ യാതൊരു ഉദ്ദേശവും ഇതിന്റെ പിന്നിൽ ഉണ്ടാവുകയില്ല. തബ്‌ലീഗ് സംഘം ഈ ഉദ്ദേശത്തോടെ പ്രവർത്തിക്കാറുണ്ടെങ്കിലും കേരളത്തിൽ അതുകൊണ്ട് വലിയ വിജയം കാണുന്നില്ല.

ഇനിയും ഒരു സംഘടനയോ എന്നു ചോദിച്ചു വേഗം ഈ പ്രമേയം പുച്ഛിക്കുന്നവരുണ്ടാകും. എന്നാൽ

ഈ ആദർശത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു യുവജനസമിതിയോ, വിദ്യാർത്ഥി സംഘടനയോ നിലവിലില്ലെന്നതാണ് വാസ്തവം. മാത്രമല്ല, ഇന്നത്തെ നിലക്കു പ്രവർത്തനത്തിനു സംഘടനകൾ ആവശ്യവുമാണ്. ഇതിനേക്കാൾ പ്രായോഗികവും ഉത്തമവുമായ മറെറന്തെങ്കിലും മാർഗ്ഗം ഈ ലക്ഷ്യം സാധൂകരിക്കാൻ കാണുന്നുവെങ്കിൽ അതു തിരഞ്ഞെടുക്കാം. യുവാക്കളുടെ ആവേശം ഈ വഴിക്കു തിരിച്ചുവിടുകയും കുറെ പേരെങ്കിലും മാതൃകാപരമായി ജീവിക്കുകയും ചെയ്താൽ ഇതു വിജയിക്കുക തന്നെചെയ്യും. ഈ പ്രമേയത്തിലെ പോരായ്മകൾ പരിഹരിച്ചെങ്കിലും ഈ ആശയം പ്രയോഗവൽക്കരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

ഇന്നു മതമില്ലാത്ത ഒരു കൂട്ടം സമുദായപ്രവർത്തകർ രംഗത്തിറങ്ങിയിരിക്കുന്നു. എന്തിനാണവർ സമുദായപ്രവർത്തനം നടത്തുന്നതെന്നറിഞ്ഞുകൂടാ. സമുദായത്തിന്നു വരാനിരിക്കുന്ന ഒരു വലിയ അപകടത്തിൻെറ സൂചനയാണിത്. അതോടെ സമുദായത്തിൻെറ നേതൃത്വം—വിശേഷിച്ചും ബുദ്ധിജീവികളുടെയും യുവാക്കളുടെയും—പണ്ഡിതന്മാരിൽനിന്നു അഭ്യസ്തവിദ്യരിലേക്കു നീങ്ങുകയാണ്. തങ്ങളെ കയ്യൊഴിക്കാൻ കാരണമെന്തെന്നു പണ്ഡിതന്മാർ ചിന്തിക്കണം. അതോടൊപ്പം വളരുന്ന യുവതലമുറയുടെ ഹൃദയങ്ങളിൽ മതവിജ്ഞാനികൾക്കു ഒരു പിടുത്തവുമില്ലെങ്കിൽ അതു വളരെ ഗുരുതരമായ ഒരു കാര്യമാണെന്നു നാം കാലേക്കൂട്ടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. "താനിരിക്കുന്നേടത്തു താനിരുന്നിട്ടില്ലെങ്കിൽ..........." എന്ന താക്കീതു അവർ എപ്പോഴും ഓർക്കട്ടെ!

യുവതലമുറയുടെ മതബോധം വളർത്തുന്ന വിഷയത്തിലെങ്കിലും പണ്ഡിതന്മാർ യോജിച്ച പരിപാടി സ്വീകരിക്കുമോ? വിരുദ്ധാശയങ്ങളുള്ള രാഷ്ട്രീയ പാർട്ടികൾക്കു കൂടി നല്ല കാര്യത്തിൽ ഒററക്കെട്ടായിനിന്നു പ്രവൃത്തിക്കാം. മതപണ്ഡിതന്മാർക്കു മാത്രം യോജിച്ചുകൂടാ! അല്ല. അവർക്ക് യോജിപ്പുണ്ട്. വിയോജിപ്പു വേണമെന്ന വിഷയത്തിൽ മാത്രം. നോമ്പും പെരുന്നാളും ആഘോഷിക്കുന്നതിൽപോലും ഐക്യമുണ്ടാക്കുന്നതിന്നു് അവരുടെ മതം എതിരാണ്. വളരുന്ന തലമുറ ഈ ചലനങ്ങളൊക്കെ വീക്ഷിക്കുന്നില്ലേ? പണ്ഡിതന്മാരുടെ ഫത്‌വകളും, തെറികളും, മത്സരങ്ങളും, മുരടിച്ച ചിന്തകളും അവർ കാണുന്നില്ലേ? ഈ പണ്ഡിതന്മാരും ഇവർ പ്രതിനിധാനംചെയ്യുന്ന മതവും ഞങ്ങൾക്കു വേണ്ടേവേണ്ട എന്നവർ പറയുന്നുവെങ്കിൽ അതു് വിവേകത്തിൻെറ ശബ്ദം മാത്രമാണ്. ഇതാ കാലത്തിന്റെ മണി ശക്തിയായി മുഴങ്ങുന്നു. ഇനിയും കണ്ണടച്ചു കാതുപൊത്തി നിൽക്കുകയോ?

(കഴിഞ്ഞ മെയ്മാസത്തിൽ കോഴിക്കോട്ട് ടൗൺഹാളിൽചേർന്ന കേരള മുസ്ലിം പണ്ഡിത സെമിനാറിൽ അവതരിപ്പിച്ചത്)

—...—

മുസ്‌ലിം ലോകം

# ബൈത്തുൽമുഖദ്ദസ് യഹൂദർക്ക്!

കെ. കെ.

ഇസ്ലാമിൻെറ പ്രാചീനകേന്ദ്രവും മുസ്‌ലിംകളുടെ ആദ്യ ഖിബ്‌ലയും സ്ഥിതിചെയ്യുന്ന ബൈത്തുൽ മുഖദ്ദസ് (ജറൂസലം) ഇപ്പോൾ പൂർണ്ണമായും മുസ്‌ലിംകൾക്കു നഷ്ടപ്പെട്ടിരിക്കുന്നു. ബൈത്തുൽമുഖദ്ദസിൻെറ ഒരുഭാഗം ഇതിനുമുമ്പുതന്നെ യഹൂദർ കീഴടക്കുകയുണ്ടായി. ബാക്കി കഴിഞ്ഞ യുദ്ധത്തിലും. ഇസ്രാഈലിൻെറ ബോംബർ വിമാനങ്ങൾ വകതിരിവില്ലാതെ തീബോംബുകൾ ഉതിർത്തതിൻെറ ഫലമായി പല പുണ്യകേന്ദ്രങ്ങളും തകർന്നുകിടക്കുകയാണ്. 1033ലെ ഭൂകമ്പത്തിന്നുശേഷം പുനർനിർമ്മാണം പൂർത്തിയാക്കിയ മസ്ജിദുൽഅഖ്‌സായുടെ കവാടം നിശ്ശേഷം നശിച്ചു. ബാബുൽ അസ്ബാത് എന്ന പേരിൽ അറിയപ്പെടുന്ന നഗരകവാടത്തിന്റെ ആർച്ചും വെന്തെരിഞ്ഞു. മുസ്ലിംകളുടെ പുണ്യഗേഹവും മൂന്നാമത്തെ തീർത്ഥസങ്കേതവുമായ മസ്ജിദുസ്സഖ്റയുടെ പൂമുഖവും ബോംബുവീണു തകർന്നു. ഇങ്ങനെ പലതും....

ബൈത്തുൽ മുഖദ്ദസിൻെറ ഭാവിയെന്ത്? ആ ചോദ്യം മുസ്ലിം ഹൃദയങ്ങളെ കുത്തിനോവിച്ചുകൊണ്ടിരിക്കുകയാണ്. എവിടെനിന്നു പിൻവാങ്ങിയാലും തങ്ങൾ ബൈത്തുൽമുഖദ്ദസ് കയ്യൊഴിക്കില്ലെന്നു വെടിനിർത്തിയ ഉടനെതന്നെ ഇസ്രാഈൽ പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. ആ പ്രദേശം അന്താരാഷ്ട്രവല്ക്കരിക്കുന്നതിന്നു അവർ അനുകൂലമാണത്രെ. ക്രൈസ്തവരുടെ ആവശ്യവും ഇതുതന്നെയാണ്. ഇതിനിടക്ക്, നഗരത്തെ വിഭജിച്ചിരുന്ന എല്ലാ തടസ്സങ്ങളും നീക്കം ചെയ്തുകൊണ്ട് ജറൂസലമിനെ യഹൂദർ ഏകപക്ഷീയമായി ഏകീകരിച്ചിരിക്കുന്നു. 19 കൊല്ലമായി മുസ്‌ലിംകളുടെ കയ്യിലുണ്ടായിരുന്നഭാഗത്തേക്കു ആയിരക്കണക്കിന്നു യഹൂദർ തള്ളിക്കേറി. 1948ൽ

ജോർഡാൻ മതിൽ കെട്ടിയടച്ച പ്രസിദ്ധമായ ജാഫാ ഗെയിററ് ഇസ്റാഈൽ എഞ്ചിനീയർമാർ ഡയനാമററ് വെച്ചു തകർത്തു. ബുൾഡോസറുകളും തൊഴിലാളികളും അതിർത്തിയിൽ ഉടനീളമുള്ള കല്ലും മണ്ണും മുൾക്കമ്പികളും നീക്കംചെയ്തു. മേലിൽ ജറുസലമിൽ മുഴുവൻ ഇസ്രാഈലിൻെറ നാണ്യങ്ങളേ വിലപ്പോവുകയുള്ളൂ.

ഈ ഏകീകരണം റദ്ദാക്കണമെന്ന ഐക്യരാഷ്ട്ര ജനറൽ അസംബ്ലി ഒരു പ്രമേയംവഴി ഇസ്രാഈലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇസ്രാഈൽ അതു സ്വീകരിച്ചാൽ തന്നെ ബൈത്തുൽമുഖദ്ദസ് മുസ്ലിംകൾക്ക് തിരിച്ചുകിട്ടുമെന്നു കരുതിക്കൂടാ. ഒന്നുകിൽ യഹൂദർ സ്വായത്തമാക്കും, അല്ലെങ്കിൽ അന്താരാഷ്ട്രവൽക്കരിക്കും. അങ്ങോട്ടാണ് കാര്യങ്ങളുടെ നീക്കം.

## മദീനാ യൂനിവേഴ്സിററിയിൽനിന്നു്

ഇസ്ലാമിന്റെ ജന്മശത്രുക്കളാണ് യഹൂദരെന്നും അവരുടെ ഭീഷണികൾക്ക് അറുതിവരുത്താൻ കൈകോർത്തുനിൽക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണെന്നും മദീനാ ഇസ്ലാമിക് യൂനിവേഴ്സിറ്റിയുടെ പേരിൽ അതിൻെറ വൈസ് ചാൻസിലർ ശൈഖ് അബ്ദുൽഅസീസ്ബിൻബാസ് പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ ലോകമുസ്ലിംകളെ ഉദ്ബോധിപ്പിച്ചിരിക്കുന്നു. "ഇസ്ലാമിന്നും പ്രവാചകനുമെതിരിൽ യഹൂദർ നടത്തിയ ഗൂഢാലോചനകൾക്ക് ചരിത്രം സാക്ഷിയാണ്. വിശുദ്ധ ഖുർആനും ഈ വസ്തുത തെളിയിക്കുന്നു. യഹൂദർക്കും ബഹുദൈവവിശ്വാസികൾക്കുമാണ് സത്യവിശ്വാസികളോട് മററാരെക്കാളും കഠിനമായ ശത്രുതയുള്ളതെന്നു ഖുർആൻ വെട്ടിത്തുറന്നു പ്രസ്താവിക്കുന്നുണ്ട്. മുഹമ്മദിനേക്കാളും അനുയായികളേക്കാളും ഉത്തമന്മാർ നിങ്ങളാണെന്നു തെററിദ്ധരിപ്പിച്ചു അവർ മക്കയിലെ സത്യനിഷേധികളെ ഇളക്കിവിട്ടു; ഉഹദ് യുദ്ധത്തിൽ നബിയോടും മുസ്ലിംകളോടും യുദ്ധംചെയ്യാൻ ഖുറൈശികളെ അവർ പ്രേരിപ്പിച്ചു; നബിയെ കൊല്ലാൻപോലും അവർ വിഫലശ്രമം നടത്തി; മദീനാമുസ്ലിംകളോടുള്ള കരാർ ലംഘിച്ചുകൊണ്ട് അഹ്സാബു യുദ്ധത്തിൽ സത്യനിഷേധികളെ അവർ സഹായിച്ചു. ഇസ്ലാമിനെയും മുസ്ലിംകളേയും ഉന്മൂലനംചെയ്യാൻ ശ്രമിച്ച പാരമ്പര്യമേ യഹൂദർക്കുള്ളുവെന്നാണ് ഈ ചരിത്രയാഥാർത്ഥ്യങ്ങൾ വിളിച്ചറിയിക്കുന്നത്.

"ഇപ്പോഴാകട്ടെ, ഇസ്ലാമിൻെറ മാറിടത്തിൽ കേറിക്കൂടി അവർ യുദ്ധകാഹളം മുഴക്കുന്നു. അറബ്യരാജ്യങ്ങളും മുസ്ലിംകളുടെ പുണ്യഗേഹങ്ങളും നിരന്തര ഭീഷണികളെ നേരിടുകയാണ്. ഈ വിപത്തിന്നെതിരിൽ ലോകത്തൊട്ടുമുള്ള മുസ്ലിംകൾ ജാഗരൂകരായിരിക്കണം. അറബികളോടല്ല, ഇസ്ലാമിനോടും മുസ്ലിംകളോടുമാണു് യഹൂദർക്ക് ശത്രുത. ഈ വസ്തുത നമ്മുടെ അറബിസുഹൃത്തുക്കളും അല്ലാത്തവരും ശരിക്കു മനസ്സിലാക്കേണ്ടതുണ്ട്. ഒരു ഇസ്ലാമികപ്രശ്നമായി ഫലസ്തീനിനെ കാണാനും അതിന്റെ മോചനത്തിന്നു ശക്തികേന്ദ്രീകരിക്കാനും അവർക്കു കഴിയണം."



# തിരൂരങ്ങാടി യത്തീംഖാനഃ

## ترورنگاڈی یتیم خانہ

ترورنگاڈی کیرلہ

— സന്ദർശിക്കുക —

തെക്കെ ഇന്ത്യയിലെ ഏററവും വലിയ അനാഥശാലയായ തിരൂരങ്ങാടി യത്തീംഖാനയിലെ 600ൽപരം അന്തേവാസികളുടെ സംരക്ഷണാർത്ഥം വർഷാന്തം 2 ലക്ഷം ഉറുപ്പികയോളം തിരൂരങ്ങാടി മുസ്ലിം ഓർഫനേജ് കമ്മിററി (രജിസ്റ്റേഡ്) ചിലവഴിക്കുന്നുണ്ട്. ഇതിന്നുപുറമെ അന്തേവാസികളുടെ ലൌകികവും മതപരവുമായ വിദ്യാഭ്യാസത്തിന്നായി നടത്തപ്പെടുന്ന ഓർഫനേജ് ലോവർ പ്രൈമറി സ്കൂൾ, തിരൂരങ്ങാടി ഓറിയൻറൽ (അറബിക്) ഹൈസ്കൂൾ, സീതിസാഹിബ് മെമ്മോറിയൽ ഓർഫനേജ് ട്രെയിനിംഗ് സ്കൂൾ, നൂറുൽഇസ്ലാം മദ്രസ്സ എന്നീ സ്ഥാപനങ്ങൾക്കും വർഷാന്തം നല്ല ഒരു തുക ചിലവുവരുന്നുണ്ട്.

മേൽ സ്ഥാപനങ്ങൾ നേരിട്ട് കാണുവാനും ഉദാരമായ സംഭാവനകൾ നൽകുവാനും വിനീതമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്, സിക്രട്ടരി.

**തിരൂരങ്ങാടി മുസ്ലിം**
**ഓർഫനേജ് കമ്മിററി (Regd.)**
തിരൂരങ്ങാടി, കേരള.


Printed by Hajee C. H. Ebrahim at the Amirul Islam Power Press, Edited by E. K. Moulavi, & Published by Mohsin bin Ahmed, B. A., L. T. for the K. M. Moulavi Memorial Trust, Tirurangadi, Kerala.